# സംഘചൈതന്യ

നിശബ്ദരുടെ വിമോചന ശബ്ദം

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ വാർത്താപത്രിക

ജൂൺ 2018 പുസ്തകം 23, ലക്കം 6




പ്രകൃതിയെ സംരക്ഷിക്കൂ...
നല്ലൊരു നാളേയ്ക്കായ്...

# സ്വാഗതം





**കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ അസി. സെക്രട്ടറിയായി സ്ഥാനമേറ്റ മാത്യൂസ് വലിയപുത്തൻപുരയിൽ അച്ചനും ചേർപ്പുങ്കൽ ഗുഡ്സമരിറ്റൻ റിസോഴ്സ് സെന്റർ ജോയിന്റ് ഡയറക്ടറായി സ്ഥാനമേറ്റ ജെയിംസ് വടക്കേകണ്ടംകരിയിൽ അച്ചനും കെ.എസ്.എസ്.എസ് കുടുംബാംഗങ്ങളുടെ സ്വാഗതവും ആശംസകളും!!!**

# യാത്രാമംഗളങ്ങൾ





**കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയിലും ചേർപ്പുങ്കൽ ഗുഡ് സമരിറ്റൻ റിസോഴ്സ് സെന്ററിലുമായി അഞ്ച് വർഷക്കാലം സേവനം അനുഷ്ഠിച്ച് മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സെക്രട്ടറിയായി നിയമിതനായ ബഹു. ബിബിൻ കണ്ടോത്ത് അച്ചനും സമരിറ്റൻ റിസോഴ്സ് സെന്റർ ജോയിന്റ് ഡയറക്ടറായി സേവനം അനുഷ്ഠിച്ച് പൂഴിക്കോൽ ഇടവക വികാരിയായി നിയമിതനായ ബഹു. സുജിത് കാഞ്ഞിരത്തുംമൂട്ടിൽ അച്ചനും കെ.എസ്.എസ്.എസ് കുടുംബാംഗങ്ങളുടെ യാത്രാമംഗളങ്ങൾ!!!**



## മുഖവചസ്സുകൾ

# അവസ്ഥാന്തരങ്ങൾ

ഒരു പണക്കാരന്റെ രണ്ട് മക്കൾ നഗരത്തിലെ എല്ലാവിധ സൗകര്യങ്ങളോടും കൂടിയ സ്കൂളിലാണ് പഠിച്ചിരുന്നത്. എന്നാൽ പണക്കാരനായ അയാൾ പഠിച്ചുവളർന്നത് പരിമിതമായ സൗകര്യങ്ങളുള്ള ഒരു സാദാ സർക്കാർ സ്കൂളിലാണ് . താൻ ചെറുപ്പകാലത്ത് അനുഭവിച്ച കഷ്ഠതകൾ തന്റെ മക്കൾക്ക് അനുഭവിക്കുവാൻ ഇടവരരുത് എന്ന ചിന്തയോടെയാണ് അയാൾ കുട്ടികളെ എല്ലാവിധ സൗകര്യങ്ങളും ഉള്ള സ്കൂളിൽ ചേർത്തത്. സ്കൂളിൽ പോയി വരുന്ന കുട്ടികൾ ഓരോ ദിവസവും പുതിയ പുതിയ ആവശ്യങ്ങൾ ഉന്നയിക്കുവാൻ തുടങ്ങി. പുതിയ കളിപ്പാട്ടം, പുതിയ ബാഗ്, പുതിയ പേന, പുതിയ ഷൂ എന്നിവ ആ നീണ്ട നിരയിൽപ്പെട്ടവയാണ്. അതോടൊപ്പം ഭക്ഷണത്തെപ്പറ്റിയും കുട്ടികൾ പരാതി ഉന്നയിക്കുവാൻ തുടങ്ങി. ഒരോ ദിവസവും ഒരോ ശൈലിയിലുള്ള ഫാസ്റ്റ് ഫുഡാണ് അവർ ആവശ്യപ്പെട്ടത്. എന്തുകൊണ്ടാണ് തന്റെ കുട്ടികൾ ഓരോ ദിവസവും പുതിയ ആവശ്യങ്ങളും പരാതിയും ഉന്നയിക്കുന്നതെന്ന് ആ പിതാവ് അന്വേഷിച്ചു. സമ്പന്നരായ മാതാപിതാക്കളുടെ കുട്ടികൾ മാത്രം പഠിക്കുന്ന സ്കൂളിലാണ് തന്റെ കുട്ടികൾ പഠിക്കുന്നതെന്നും മറ്റ് കുട്ടികളെ അനുകരിച്ചുകൊണ്ടാണ് അവർ ഓരോ ദിവസവും പുതിയ പുതിയ ആവശ്യങ്ങൾക്കായി മുറവിളി കൂട്ടുന്നതെന്നും അദ്ദേഹത്തിന് കണ്ടെത്തുവാൻ സാധിച്ചു.

ഇതിന് പരിഹാരം കാണണമെന്ന ചിന്തയോടെ അയാൾ ഭാര്യയുമായി ആലോചിച്ച് തൊട്ടടുത്ത വർഷം മക്കളെ താൻ പഠിച്ചുവളർന്ന സാദാ സർക്കാർ സ്കൂളിലേയ്ക്ക് മാറ്റി ചേർത്തു. അയാളുടെ ഈ നിലപാടുകണ്ട് മറ്റ് പലരും ആ സ്കൂളിന്റെ ഇപ്പോഴത്തെ അവസ്ഥയെപ്പറ്റിയും നിലവാരത്തെക്കുറിച്ചും അയാൾക്ക് മുന്നറിയിപ്പ് നൽകി. അയാൾ അത് കാര്യമാക്കാതെ തന്റെ നിലപാടിൽ ഉറച്ചുനിന്നു.

സർക്കാർ സ്കൂളിൽ പോയി തുടങ്ങിയ മക്കളിൽ ഉണ്ടായ വ്യത്യാസം അയാളെ അത്ഭുതപ്പെടുത്തി. കാരണം നീണ്ട ആവശ്യങ്ങളു

ടെയും പരാതിയുടെയും പട്ടിക നിരത്തിയിരുന്ന അവർ ക്രമേണ അത് കുറച്ചു വന്നു. പിന്നെ പിന്നെ അത് ഇല്ലാതെയായി. ഒരു ദിവസം സ്കൂളിൽ നിന്നും തിരികെ വന്ന കുട്ടികൾ വീട്ടിൽ നിന്നും കൊടുത്തുവിട്ട ഉച്ചഭക്ഷണം തിരിച്ചുകൊണ്ടുവന്നത് അയാളുടെ ശ്രദ്ധയിൽപ്പെട്ടു. കാരണം അന്വേഷിച്ചപ്പോൾ കുട്ടികൾ ഇപ്രകാരം പറഞ്ഞു. "അച്ഛാ ഞങ്ങളുടെ സ്കൂളിൽ ഉച്ചഭക്ഷണം കൊണ്ടുവരാത്ത കുറെ കുട്ടികൾ ഉണ്ട്. ഞങ്ങൾ കൊണ്ടുപോയ ഉച്ചഭക്ഷണം കൊണ്ട് അവരുടെ വിശപ്പടക്കുവാൻ കഴിയില്ല. അവർ കഴിക്കാതെ ഞങ്ങൾ എങ്ങനെ കഴിക്കും." മക്കളുടെ വാക്കുകൾ കേട്ട് ആ പിതാവിന്റെ കണ്ണുകൾ നിറഞ്ഞു. കാരണം പണ്ട് നൂഡിൽസിന്റെ കൂടെ ഓംലറ്റും ചിക്കൻ ടിക്കയും മറ്റ് സ്പെഷ്യലുകളുമില്ലാതെ സ്കൂളിൽ പോവുകയില്ലായെന്ന് അവർ വാശിപിടിച്ച കാര്യം അപ്പോൾ അയാൾ ഓർത്തു.

ഒരു ദിവസം തന്റെ മക്കൾ ഒരു പെൻസിൽ പല കഷ്ണങ്ങളാക്കി കൂർമ്പിച്ച് കൊണ്ടുപോകുന്നത് അയാൾ ശ്രദ്ധിച്ചു. പെൻസിൽ ഇല്ലാത്ത കൂട്ടുകാരെ എഴുതിപ്പിക്കാനാണെന്ന് അയാൾക്ക് മനസ്സിലായി. തങ്ങളോടൊപ്പം സ്കൂളിൽ പഠിക്കുന്ന കൂട്ടുകാരുടെ ജീവിതാവസ്ഥാന്തരങ്ങളോട് അവർ പൊരുത്തപ്പെടുകയാണെന്ന് അയാൾക്ക് മനസ്സിലായി. തങ്ങളോടൊപ്പം വ്യത്യസ്ഥ മതക്കാരും തീർത്തും നിർദ്ദനാവസ്ഥയിൽ കഴിയുന്നവരും ഉണ്ടെന്ന തിരിച്ചറിവ് തന്റെ മക്കൾക്ക് വന്നുതുടങ്ങിയെന്ന് അയാൾ മനസ്സിലാക്കി. ഒരു ദിവസം കുട്ടികൾ അയാളോടായി പറഞ്ഞു. "അച്ഛാ ഇനി മുതൽ ഞങ്ങളെ കാറിൽ സ്കൂളിൽ കൊണ്ടുവിടേണ്ട ഞങ്ങൾ സൈക്കിളിൽ പൊയ്ക്കോളാം. ഞങ്ങളുടെ കൂട്ടുകാർ അധികവും സൈക്കിളിലാണ് വരുന്നത്." കുട്ടികളുടെ വാക്കുകൾ കേട്ടപ്പോൾ താനും ഭാര്യയും ആലോചിച്ചെടുത്ത ഒരു ചെറിയ തീരുമാനം തങ്ങളുടെ കുട്ടികലെ യാഥാർത്ഥ്യ ബോധമുള്ളവരാക്കി മാറ്റുവാൻ സാധിച്ചുവെന്ന് അയാൾക്ക് മനസ്സിലായി. അതെ കുട്ടികൾക്ക് അറിവ് പോലെ പ്രധാനമാണ് തിരിച്ചറിവ്.

മാതാപിതാക്കൾ അനുഭവിച്ച കഷ്ടപ്പാടുകൾ മക്കൾ അനുഭവിക്കരുതെന്ന് വിചാരിച്ച് മക്കൾക്ക് എല്ലാ സൗകര്യവും നൽകുക വഴി അവർക്ക് നാം നിഷേധിക്കുന്നത് വലിയ വലിയ ജീവിത പാഠങ്ങളാണ്. എത്ര ഫീസ് കൊടുത്താലും പഠിക്കാനാകാത്ത വലി

യ ജീവിത പാഠങ്ങൾ കുടുംബത്തിൽ നിന്നും കൂട്ടുകാരിൽ നിന്നും സമൂഹത്തിൽ നിന്നും പഠിക്കുവാൻ കഴിയുമെന്ന തിരിച്ചറിവാണ് നമുക്ക് ഉണ്ടാകേണ്ടത്.

കഷ്ഠപ്പാടിന്റെയും അദ്ധ്വാനത്തിന്റെയും വിലമനസ്സിലാക്കി വളരുവാൻ സാധിക്കുമ്പോഴാണ് യാഥ്യാർത്ഥ്യ ബോധമുള്ള വ്യക്തികളായി ഒരോരുത്തരും മാറുന്നത്. ഇത് മനസ്സിലാക്കാതെ പോകുന്നിടത്താണ് ഇന്ന് നാം കാണുന്ന പല പ്രശ്നങ്ങളുടെയും തുടക്കം. ചെറിയ പ്രതിസന്ധികളും ബുദ്ധിമുട്ടുകളും ഉണ്ടാകുമ്പോൾത ന്നെ അവയെ നേരിടുവാൻ തയ്യാറാകാതെ ജീവിതത്തിൽ നിന്നും ഓടി ഒളിക്കുന്ന ആളുകളുടെ കഥ നാം ദിനം പ്രതി കേൾക്കുന്നുണ്ട്. ഇതിനെല്ലാം പരിഹാരം എല്ലാം ആവശ്യപ്പെടുമ്പോൾ തന്നെ ലഭ്യമാക്കുക എന്നതല്ല മറിച്ച് അതിന്റെ പിന്നിലുള്ള അദ്ധ്വാനത്തിന്റെയും കഷ്ടപ്പാടിന്റെയും മഹത്വം മനസ്സിലാക്കി കൊടുത്ത് ലഭ്യമാക്കണം. സാഹചര്യങ്ങളോട് പൊരുത്തപ്പെടാനും സഹമനുഷ്യരുടെ ജീവിത അവസ്ഥകളെക്കുറിച്ച് മനസ്സിലാക്കുവാനും കഴിയുമ്പോഴാണ് നാം യഥാർത്ഥ മനുഷ്യരായി മുറുന്നത്. കേവലം പൊങ്ങച്ചങ്ങൾക്കപ്പുറം യാഥാർത്ഥ്യ ബോധമുള്ള സമൂഹമായി മാറുവാനും മറ്റുള്ളവരെ മാറ്റുവാനും കഴിയുമ്പോഴാണ് സുസ്ഥിതിയിള്ള സമൂഹമായി നാം മാറുന്നത്. ഇത്തരം ചിന്തകൾക്ക് വഴിമുന്നായി മാറട്ടെ നമ്മുടെ സ്വാശ്രയ സംഘ കൂട്ടായ്മകൾ.

പോയ വാരത്തിൽ നിരവധി ജനക്ഷേമ പ്രവർത്തനങ്ങളും കൂട്ടായ്മകളും സംഗമങ്ങളും ദിനാചരണവും നാം സംഘടിപ്പിക്കുകയുണ്ടായി. പ്രവർത്തനങ്ങളിൽ സഹകാരികളായ ഏവരേയും അഭിനന്ദിക്കുന്നതോടൊപ്പം തുടർ പ്രവർത്തനങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിന് സഹകരണം അഭ്യർത്ഥിക്കുകയും ചെയ്യുന്നു. ഗ്രൂപ്പ് ഓഡിറ്റുകൾ പൂർത്തിയാക്കി സംഘ ശാക്തീകരണത്തിന്റെ ശക്തിയിൽ നമുക്ക് മുന്നേറാം. പുതിയ സ്വാശ്രയ സംഘങ്ങൾ രൂപീകരിക്കുന്നതോടൊപ്പം നിലവിലുള്ള സംഘങ്ങളിൽ പുതിയ അംഗങ്ങളെ ചേർക്കുവാനും നമുക്ക് പരിശ്രമിക്കാം. പുരുഷ സ്വാശ്രയ സംഘ പ്രവർത്തനങ്ങളും സ്മാർട്ട് ഗ്രൂപ്പ് പ്രവർത്തനങ്ങളും നവോമി ഗ്രൂപ്പിന്റെ പ്രവർത്തനങ്ങളും കൂടുതൽ ചലനാത്മകതമാക്കുവാൻ ശ്രദ്ധിക്കുമല്ലോ.

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയിലും ചേർ

പ്പുങ്കൽ ഗുഡ് സമരിറ്റൻ സെന്ററിലുമായി സുത്യർഹ സേവനം അനുഷ്ഠിച്ച് മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ അമരക്കാരനായി നിയമിതനായ ബിബിൻ കണ്ടോത്ത് അച്ചന്റെ സേവനങ്ങളെയും ചേർപ്പുങ്കൽ ഗുഡ് സമരിറ്റൻ റിസോഴ്സ് സെന്റർ ജോയിന്റ് ഡയറക്ടറായി സേവനം അനുഷ്ഠിച്ച് പൂഴിക്കോൽ ഇടവക വികാരിയായി നിയമിതനായ സുജിത്ത് കാഞ്ഞിരത്തുംമൂട്ടിൽ അച്ചന്റെ സേവനങ്ങളെയും നന്ദിയോടെ ഓർക്കുന്നു. ഒപ്പം നമ്മുടെ പ്രവർത്തനങ്ങളെ കൂടുതൽ ചലനാത്മകതമാക്കുന്നതിനായി കെ.എസ്.എസ്.എസ് അസി. സെക്രട്ടറിയായി ചാർജ്ജെടുത്തിരിക്കുന്ന മാത്യൂസ് വലിയപുത്തൻപുരയിൽ അച്ചനെയും സമരിറ്റൻ റിസോഴ്സ് സെന്റർ ജോയിന്റ് ഡയറക്ടറായ ജെയിംസ് വടക്കേകണ്ടംകരിയിൽ അച്ചനെയും ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റി സെക്രട്ടറിയായി നിയമിതനായ ജോമോൻ കുന്നക്കാട്ടുതടത്തിൽ അച്ചനെയും നമുക്ക് സ്വാഗതം ചെയ്യാം.

വരുംദിനങ്ങളിൽ വിഭാവനം ചെയ്തിരിക്കുന്ന കർമ്മ പരിപാടികൾ കൂടുതൽ ചലനാത്മകമാക്കുവാൻ നമുക്ക് ഒത്തുചേർന്ന് പരിശ്രമിക്കാം. പ്രകൃതി സംരക്ഷണത്തിന്റെ സന്ദേശവുമായി ഒരു പരിസ്ഥിതി ദിനം കൂടി ആഗതമാവുകയാണ് സാധ്യമാകുന്ന വിധത്തിൽ പ്രകൃതിയുടെ കാവലാളുകളായി മാറുവാൻ നമുക്ക് കഴിയണം. അത് നമ്മുടെയും ഭാവി തലമുറയുടെയും നന്മയ്ക്കാണെന്ന ബോധ്യം ഓരോരുത്തരേയും നയിക്കട്ടെ. മഴയിലൂടെ ലഭിക്കുന്ന വെള്ളത്തെ കരുതുവാനും മഴക്കാല രോഗങ്ങളെ പ്രതിരോധിക്കുവാനും വേണ്ട മുൻകരുതലുകൾ ഒരോരുത്തരും സ്വീകരിക്കുമല്ലോ. പ്രത്യേകിച്ച് ഇപ്പോൾ പടർന്നുകൊണ്ടിരിക്കുന്ന നിപ വൈറസ് പനിയെ തടയുന്നതിന് വേണ്ട മുൻകരുതലുകളും ഏവരും സ്വീകരിക്കുമല്ലോ.

സഹമനുഷ്യരോടും സമൂഹത്തോടും താത്മ്യപ്പെട്ടുകൊണ്ട് കൂടുതൽ മികവാർന്ന ലക്ഷ്യത്തിലേക്ക് നമുക്ക് പറന്നുയരാം... ഒത്തോരുമയോടെ...

ആശംസകളോടെ...

**ഫാ. സുനിൽ പെരുമാനൂർ**

# വികസന പാതയിൽ വരുംദിനങ്ങളിൽ

## കെ.എസ്.എസ്.എസ് പരിസ്ഥിതി ദിനാചരണം ജൂൺ 5 ന് ചൈതന്യയിൽ

ജൂൺ 5 ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ വിപുലമായ പരിപാടികളോടെ പരിസ്ഥിതി ദിനാഘോഷം സംഘടിപ്പിക്കുന്നു. ജൂൺ 5-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മുതൽ ചൈതന്യയിലാണ് ദിനാചരണം സംഘടിപ്പിക്കുന്നത്. ദിനാചരണത്തോടനുബന്ധിച്ച് മത-സാമൂഹ്യ-രാഷ്ട്രീയ-സാംസ്ക്കാരിക പരിസ്ഥിതി രംഗത്തെ പ്രമുഖർ പങ്കെടുക്കുന്ന പരിസ്ഥിതിദിന പൊതുസമ്മേളനവും പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞയും സെമിനാറും പരിസ്ഥിതി സൗഹാർദ്ദ മത്സരവും മാതൃക പരിസ്ഥിതി പ്രവർത്തകരെ ആദരിക്കലും ക്രമീകരിച്ചിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണ സന്ദേശവുമായി സംഘടിപ്പിക്കുന്ന ദിനാചരണത്തിൽ പങ്കെടുക്കുവാൻ എല്ലാ സ്വാശ്രയസംഘാംഗങ്ങളും ശ്രദ്ധിക്കുമല്ലോ.

## പരിസ്ഥിതിദിനത്തിൽ ചക്ക വെട്ടിയൊരുക്കൽ മത്സരം

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ചക്ക വെട്ടിയൊരുക്കൽ മത്സരം സംഘടിപ്പിക്കുന്നു. മേഖലയിൽ നിന്നും പുരുഷനും സ്ത്രീയും അടങ്ങുന്ന ഒരു ടീമിന് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. രണ്ട് പേരും സ്വാശ്രയസംഘാംഗങ്ങളായിരിക്കണം . ചക്ക വെട്ടിയൊരുക്കുന്നതിന് ആവശ്യമായ കത്തി മത്സരാർത്ഥികൾ കൊണ്ടുവരേണ്ടതാണ്. കാർഷിക വേഷവിധാനം, ചക്ക വെട്ടിയൊരുക്കലിലെ വൈദഗ്ദ്ധ്യം എന്നിവയെ അടിസ്ഥാനമാക്കിയായിരിക്കും വിജയികളെ തെരഞ്ഞെടുക്കുന്നത്. വിജയികളാകുന്നവർക്ക് ആകർഷക സമ്മാനങ്ങൾ നൽകുന്നതായിരിക്കും. എല്ലാ മേഖലകളിൽ നിന്നും ഒരു ടീമിനെ മത്സരത്തിൽ പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## പരിസ്ഥിതിദിനത്തിൽ സോളാർ റാന്തൽ വിളക്കുകളുടെ വിതരണവും സർവ്വീസിംഗും

പരിസ്ഥിതിദിനത്തോടനുബന്ധിച്ച് കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ സോളാർ റാന്തൽ വിളക്കുകളുടെ വിതരണവും സർവ്വീസിംഗും ക്രമീകരിച്ചിട്ടുണ്ട്. സി.എഫ്.എൽ സോളാർ വിളക്കുകളാണ് ലഭ്യമാക്കുന്നത്. സ്വാശ്രയസംഘാംഗങ്ങൾക്ക് 2800 രൂപയ്ക്കാണ് സി.എഫ്.എൽ സോളാർ റാന്തൽ വിളക്കുകൾ ലഭ്യമാക്കുക. സി.എഫ്.എൽ സോളാർ വിളക്കുകൾ വാങ്ങാൻ ആഗ്രഹിക്കുന്നവർ അനിമേറ്ററുടെ പക്കൽ മുഴുവൻ തുകയും അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പേര് രജിസ്റ്റർ ചെയ്യുന്നവർക്ക് പരിസ്ഥിതിദിനത്തിൽ സോളാർ റാന്തൽ വിളക്കുകൾ ലഭ്യമാക്കുന്നതാണ്. കൂടാതെ അന്നേ ദിവസം സോളാർ സർവ്വീസിംഗും ഉണ്ടായിരിക്കുന്നതാണ്.

## അഗാപ്പെ സ്കൂൾ പ്രവേശനോത്സവം ജൂൺ 1 ന്

ഭിന്നശേഷിയുള്ളവരുടെ സമഗ്ര ഉന്നമനം ലക്ഷ്യമാക്കി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ 1997 മുതൽ നടപ്പിലാക്കി വരുന്ന സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതിയുടെ ഭാഗമായുള്ള അഗാപ്പെ സ്കൂളുകളുടെ പ്രവേശനോത്സവം സംഘടിപ്പിക്കുന്നു. ജൂൺ 1–ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മണിക്ക് ചൈതന്യയിലാണ് പ്രവേശനോത്സവം സംഘടിപ്പിക്കുന്നത്. കെ.എസ്.എസ്.എസ് ചേർപ്പുങ്കൽ സമരിറ്റൻ, അഗാപ്പെ, കൈപ്പുഴ, കുമരകം എന്നീ സ്കൂളുകളിലെ കുട്ടികൾ പ്രവേശനോത്സവത്തിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## ദിൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന (DDU-GKY) പദ്ധതിയുമായിയുടെ ഉദ്ഘാടനം ജൂൺ മാസത്തിൽ

ഗ്രാമീണ യുവജനങ്ങൾക്ക് ശാസ്ത്രീയ തൊഴിൽ പരിശീലനത്തോടൊപ്പം തൊഴിൽ അവസരവും ഉറപ്പാക്കി കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെയും സംസ്ഥാന സർക്കാരിന്റെയും കുടുംബശ്രീ മിഷന്റെയും സഹകരണത്തോടെ കോട്ടയം സോഷ്യൽ സർവ്വീസ്

സൊസൈറ്റി നടപ്പിലാക്കുന്ന ദിൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന (DDU-GKY) പദ്ധതിയുടെ ഉദ്ഘാടനം ജൂൺ മാസത്തിൽ നടത്തപ്പെടും. ചേർപ്പുങ്കൽ ഗുഡ് സമരിറ്റൻ സെന്ററിലാണ് പദ്ധതിയുടെ ഉദ്ഘാടനം നടത്തപ്പെടുക. സെയിൽസ് പേഴ്സൺ (റീട്ടെയിൽ), അക്കൗണ്ട്സ് അസിസ്റ്റന്റ് എന്നീ കോഴ്സുകളാണ് ആദ്യ ഘട്ടത്തിൽ ആരംഭിച്ചിരിക്കുന്നത്. കോട്ടയം, ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിലെ ഗ്രാമീണ മേഖലയിലെ നിർദ്ധന യുവതി യുവാക്കൾക്ക് സൗജന്യ പരിശീലനവും തൊഴിലും പദ്ധതിയുടെ ഭാഗമായി ഉറപ്പുവരുത്തുന്നു. ഡി.റ്റി.പി & പ്രിന്റ് പബ്ളിഷിംഗ് അസിസ്റ്റന്റ്, ഫുഡ് & ബിവറേജ് സർവ്വീസസ്, തയ്യൽ പരിശീലനം എന്നീ കോഴ്സുകളും വരും ദിനങ്ങളിൽ ആരംഭിക്കുന്നതാണ്. ചേർപ്പുങ്കൽ ഗുഡ് സമരിറ്റൻ റിസോഴ്സ് സെന്ററിലാണ് പരിശീലനങ്ങൾ ആരംഭിച്ചിരിക്കുന്നത്. മൂന്നുമാസം ദൈർഘ്യമുള്ള കോഴ്സുകൾ തികച്ചും സൗജന്യമായിരിക്കും. വിദഗ്ദ്ധ അദ്ധ്യാപകരുടെ നേതൃത്വത്തിലുള്ള പരിശീലനം പൂർത്തിയാക്കുന്നവർക്ക് എൻ.സി.വി.റ്റി സർട്ടിഫിക്കറ്റും നൽകും. താമസിച്ചും അല്ലാതയും പരിശീലനം നേടുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് അനിമേറ്റർമാരുമായി ബന്ധപ്പെടുക.

### സമരിറ്റൻ ദിനാഘോഷവും ഹെലൻ കെല്ലർ അനുസ്മരണവും ജൂൺ 27 ന്

ജൂൺ 27 ഹെലൻ കെല്ലർ ദിനത്തോടനുബന്ധിച്ച് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന അന്ധബധിര പുനരധിവാസ പദ്ധതി സംസ്ഥാനതല പരിശീലന കേന്ദ്രമായ ചേർപ്പുങ്കൽ സമരിറ്റൻ റിസോഴ്സ് സെന്ററിൽ ഹെലൻ കെല്ലർ ദിനാചരണവും സമരിറ്റൻ വാർഷികാഘോഷവും സംഘടിപ്പിക്കുന്നു. അന്ധബധിര വ്യക്തികളെയും അവരുടെ കുടുംബാംഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള സംസ്ഥാന തല വാർഷികാഘോഷത്തിൽ വിവിധ

സംഘടനാ പ്രതിനിധികളും സാമൂഹ്യ പ്രവർത്തകരും പങ്കെടുക്കും. ജൂൺ 27 ബുധനാഴ്ച രാവിലെ 10 മണിയ്ക്ക് ആരംഭിക്കുന്ന ദിനാചരണത്തോടനുബന്ധിച്ച് സെമിനാർ, വിവിധ കലാപരിപാടികൾ, പൊതുസമ്മേളനം എന്നിവയും ക്രമീകരിച്ചിട്ടുണ്ട്.

**പിതൃദിനാചരണം സംഘടിപ്പിക്കുന്നു**

ലോക പിതൃദിനത്തിന് മുന്നോടിയായി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പിതൃദിനാചരണം സംഘടിപ്പിക്കുന്നു. കരുതലും കാവലുമാകുന്ന പിതാവിനോടുള്ള ആദരവും സ്നേഹവും തിരികെ നൽകുവാൻ സമൂഹത്തെ ഉത്ബോധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ജൂൺ 10–ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് തൊടുപുഴ ചുങ്കം സെന്റ് മേരീസ് ചർച്ച് ഹാളിലാണ് ദിനാചരണം നടത്തപ്പെടുക. ദിനാചരണത്തോടനുബന്ധിച്ച് എക്സൈസ് വകുപ്പുമായി സഹകരിച്ച് ലഹരി വിമുക്തിയുടെ സന്ദേശം പകർന്ന് നൽകുന്ന ബോധവൽക്കരണ തെരുവ് നാടകവും പൊതുസമ്മേളനവും പിതാക്കന്മാരെ ആദരിക്കലും നടത്തപ്പെടും. കെ.എസ്.എസ്.എസ് ചുങ്കം മേഖലയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ദിനാചരണത്തിൽ പങ്കെടുക്കുവാൻ മേഖലയിലെ എല്ലാ പിതാക്കന്മാരും ശ്രദ്ധിക്കുമല്ലോ.

**സൗഹൃദവേദി ഉഴവൂർ മേഖല സംഗമം ജൂൺ 17 ന്**

സ്വാശ്രയസംഘങ്ങളിലൂടെ സമഗ്ര വികസനം എന്ന ലക്ഷ്യം മുൻനിർത്തി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തന ഗ്രാമങ്ങളിൽ രൂപീകൃതമായിരിക്കുന്ന പുരുഷസ്വാശ്രയസംഘങ്ങളുടെ മേഖലാ സംഗമങ്ങൾ സംഘടിപ്പിക്കുന്നു. ഉഴവൂർ മേഖലാ പുരുഷ സ്വാശ്രയസംഗമം ജൂൺ 17–ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ഉഴവൂർ സെന്റ് സ്റ്റീഫൻസ് ചർച്ച് പാരിഷ് ഹാളിൽ നടത്തപ്പെടും. സംഗമത്തോടനുബന്ധിച്ച് സെമിനാർ, പൊതുസമ്മേളനം എന്നിവ ഉണ്ടായിരിക്കും. ഉഴവൂർ മേഖലയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന സംഗ

മത്തിൽ മേഖലയിലെ എല്ലാ ഗ്രാമങ്ങളിൽ നിന്നുമുള്ള പുരുഷ സ്വാശ്രയസംഘാംഗങ്ങൾ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**സ്മാർട്ട് ഗ്രൂപ്പുകളിൽ അംഗങ്ങളാകുവാൻ അവസരം**

5,6,7 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ സർവ്വതോന്മുഖമായ വളർച്ച ലക്ഷ്യമാക്കി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രവർത്തന ഗ്രാമങ്ങളിൽ രൂപം നൽകിയിരിക്കുന്ന സ്മാർട്ട് ഗ്രൂപ്പു കളുടെ 2018-2019 അദ്ധ്യയന വർഷത്തേക്കുള്ള പ്രവേശനോത്സവം ജൂലൈ മാസത്തിൽ നടത്തപ്പെടും. ജൂലൈ 30 വരെ സ്മാർട്ട് ഗ്രൂപ്പുകളിൽ അംഗങ്ങളാകുവാൻ അവസരം ഉണ്ടായിരിക്കും. കുട്ടി കളുടെ സർവ്വതോന്മുഖമായ വളർച്ച ലക്ഷ്യമാക്കി നടപ്പിലാക്കി വരുന്ന സ്മാർട്ട് ഗ്രൂപ്പുകളിൽ കുട്ടികളെ പങ്കാളികളാക്കുവാൻ മാതാ പിതാക്കൾ ശ്രദ്ധിക്കുമല്ലോ. ഒപ്പം സ്മാർട്ട് ഗ്രൂപ്പിലൂടെ ലഭിക്കുന്ന അവസരങ്ങൾ പ്രയോജനപ്പെടുത്തുവാൻ എല്ലാ സ്മാർട്ട് കൂട്ടുകാരും ശ്രദ്ധിക്കുമല്ലോ.

**കെ.എസ്.എസ്.എസ് നോട്ട് ബുക്കുകൾ മിതമായ നിരക്കിൽ**

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സ്കൂൾ കോളേജ് ആവശ്യങ്ങൾക്കായുള്ള നോട്ട് ബുക്കുകൾ മിത മായ നിരക്കിൽ ലഭ്യമാക്കുന്നു. ചേർപ്പുങ്കൽ അഗാപ്പെ ഭവനിൽ ഭിന്നശേഷിയുള്ളവരുടെ വരുമാനക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗ മായി പ്രവർത്തിച്ചുവരുന്ന ബുക്ക് നിർമ്മാണ യൂണിറ്റിൽ നിന്നു മാണ് ഗുണമേന്മയുള്ള നോട്ടുബുക്കുകൾ ലഭ്യമാക്കുന്നത്. നോട്ടുബുക്കുകളുടെ വിലവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വില | ഇനം | വില |
|---|---|---|---|
| **200 പേജ് കോളേജ് ബുക്ക്** | **26** | **120 പേജ് ബുക്ക്** | **16** |
| **200 പേജ് (ചെറുത്)** | **23** | **80 പേജ് ബുക്ക്** | **15** |

കൂടാതെ അറ്റൻഡൻസ് രജിസ്റ്റർ, നാലുവര ബുക്കുകൾ മുതലാ യവ ഓർഡർ അനുസരിച്ച് ലഭ്യമാക്കുന്നതാണ്. ഓർഡർ നൽകി 15 ദിവസത്തിനകം ബുക്കുകൾ ലഭ്യമാക്കുന്നതാണ്. കൂടുതൽ വിവ രങ്ങൾക്കും ഓർഡർ നൽകുന്നതിനുമായി 9961033317 എന്ന നമ്പ രിൽ ബന്ധപ്പെടുക.

# കെ.എസ്.എസ്.എസ് പോയവാരങ്ങളിൽ

## കർഷക സംഗമം സംഘടിപ്പിച്ചു



കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കർഷക സംഗമം സംഘടിപ്പിച്ചു. കടുത്തുരുത്തി പൂഴിക്കോൽ സെന്റ് മർത്താസ് സ്കൂൾ ഹാളിൽ സംഘടിപ്പിച്ച സംഗമത്തിന്റെ ഉദ്ഘാടനം അഡ്വ. മോൻസ് ജോസഫ് എം.എൽ.എ നിർവ്വഹിച്ചു. പൂഴിക്കോൽ സെന്റ് ലൂക്ക്സ് ചർച്ച് വികാരി റവ. ഫാ. ജോസ് ത റപ്പുതൊട്ടിയിൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എ സ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, കോട്ടയം ജില്ലാ പഞ്ചായ ത്ത് വൈസ് പ്രസിഡന്റ് മേരി സെബാസ്റ്റ്യൻ, മുളക്കുളം ഗ്രാമപ ഞ്ചായത്ത് മെമ്പർ സിറിയക് ജോസഫ്, പൂഴിക്കോൽ കർഷക സംഘം സെക്രട്ടറി ജോയി തോമസ് കാനാട്ട്, ഞീഴൂർ കർഷക സംഘം സെക്രട്ടറി ജോൺ കെ.എം, അറുനൂറ്റിമംഗലം കർഷക സംഘം പ്രസിഡന്റ് ജോയി കണ്ണികുളം എന്നിവർ പ്രസംഗിച്ചു. സംഗമത്തിനോടനുബന്ധിച്ച് കുടുംബ മൂല്യങ്ങൾ എന്ന വിഷയ ത്തെ ആസ്പദമാക്കി സംഘടിപ്പിച്ച സെമിനാറിന് മോനിപ്പള്ളി എം.യു.എം ഹോസ്പിറ്റൽ ഡോക്ടർ സിസ്റ്റർ ധന്യ നേതൃത്വം നൽകി. കൂടാതെ കടുത്തുരുത്തി മേഖലയിലെ മികച്ച ജൈവ കർ ഷകനായ ഫിലിപ്പ് കുര്യനെ ചടങ്ങിൽ ആദരിച്ചു. സംഗമത്തിൽ നൂറോളം പേർ പങ്കെടുത്തു.

# ആരോഗ്യ സുരക്ഷ ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു



കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ആരോഗ്യ സുരക്ഷ ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു. കുന്നങ്കരി ബെത്‌ലഹേം ചർച്ച് ഹാളിൽ സംഘടിപ്പിച്ച സെമിനാറിന്റെ ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് മെമ്പർ ഔസേപ്പ് ചെറുകാട് നിർവ്വഹിച്ചു. ഗ്രാമവികസന സമിതി പ്രസിഡന്റ് റവ. ഫാ. മാത്യു കണ്ണാലയിൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. ഗ്രാമതല പ്രസിഡന്റ് സജിനി ചാക്കോ, ഗ്രാമതല സെക്രട്ടറി ജോളിയമ്മ സിബിച്ചൻ, കോർഡിനേറ്റർ ആനി തോമസ് എന്നിവർ പ്രസംഗിച്ചു. സെമിനാറിന് സാമൂഹ്യ പ്രവർത്തകയായ ബിന്ദു തോമസ് നേതൃത്വം നൽകി. രോഗാവസ്ഥയെ തിരിച്ചറിയുന്നതിനും അവയെ ഉന്മൂലനം ചെയ്യുന്നതിനും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും സ്ത്രീകളുടെ അനുദിനജീവിത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് അവബോധം നൽകുന്നതിനുമായിട്ടാണ് സെമിനാർ സംഘടിപ്പിച്ചത്. കെ.എസ്.എസ്.എസ് മലങ്കര മേഖലയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച സെമിനാറിൽ നൂറ്റിയിരുപത്തിയഞ്ചോളം പേർ പങ്കെടുത്തു.

# കെ.എസ്.എസ്.എസ് - മുട്ടക്കോഴി ഹൈടെക് കൂട് പദ്ധതിയുടെ രണ്ടാം ഘട്ട വിതരണം നടത്തി



ഭക്ഷ്യസുരക്ഷ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടെ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മുട്ടക്കോഴി ഹൈടെക് കൂട് പദ്ധതിയുടെ രണ്ടാം ഘട്ട വിതരണം നടത്തി. കെ.എസ്.എസ്.എസ് പ്രവർത്തന ഗ്രാമങ്ങളിലെ സ്വാശ്രയസംഘാംഗങ്ങൾക്കായി നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമായി ബിവി 380 ഇനത്തിൽപ്പെട്ട അമ്പത് ദിവസം പ്രായമുള്ള 25 കോഴികളും അമ്പത് കിലോഗ്രാം കോഴിത്തീറ്റയും മരുന്നും ഹൈടെക് കൂടുമാണ് ലഭ്യമാക്കുന്നത്. കടുത്തുരുത്തി മേഖലയിലെ വിവിധ ഗ്രാമങ്ങളിലാണ് കോഴിയും കൂടുമടങ്ങുന്ന യൂണിറ്റ് ലഭ്യമാക്കിയത്. പതിനയ്യായിരം രൂപ മുതൽ മുടക്ക് വരുന്ന യൂണിറ്റ് സബ്സിഡിയോടുകൂടിയാണ് കെ.എസ്.എസ്.എസ് ലഭ്യമാക്കുന്നത്. കടുത്തുരുത്തി മേഖലയിലെ വിവിധ ഗ്രാമങ്ങളിലായി 40 യൂണിറ്റുകളാണ് വിതരണം ചെയ്തത്. പദ്ധതിയുടെ വിതരണോദ്ഘാടനം കടുത്തുരുത്തി സെന്റ് മേരീസ് ഫൊറോനാ ചർച്ച് വികാരിയും കെ.എസ്.എസ്.എസ് ഗ്രാമവികസന സമിതി പ്രസിഡന്റുമായ റവ. ഫാ. മാത്യു മണക്കാട്ട് നിർവ്വഹിച്ചു. ഓഫീസ് സ്റ്റാഫ് സിജോ തോമസ്, കോർഡിനേറ്റർ മേഴ്സി സ്റ്റീഫൻ, അനിമേറ്റേഴ്സ് എന്നിവർ നേതൃത്വം നൽകി.

## മാതൃത്വത്തിന്റെ മഹനീയത വിളിച്ചോതി കെ.എസ്.എസ്.എസ് മാതൃദിനാഘോഷങ്ങൾ സംഘടിപ്പിച്ചു



മാതൃത്വത്തിന്റെ മഹനീയത വിളിച്ചോതി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ വിവിധ മേഖലകളിൽ മാതൃദിനാഘോഷങ്ങൾ സംഘടിപ്പിച്ചു. കിടങ്ങൂർ മേഖലയുടെ നേതൃത്വത്തിൽ ചൈതന്യയിൽ സംഘടിപ്പിച്ച ദിനാചരണത്തിന്റെ ഉദ്ഘാടനം അഡ്വ. മോൻസ് ജോസഫ് എം.എൽ.എ നിർവ്വഹിച്ചു. ഏറ്റുമാനൂർ മുനിസിപ്പൽ ചെയർമാൻ ജോയി മന്നാമല ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, കോർഡിനേറ്റർ ജിജി ജോയി എന്നിവർ പ്രസംഗിച്ചു. ദിനാചരണത്തോടനുബന്ധിച്ച് 'മാതൃത്വത്തിന്റെ മഹനീയത' എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാറിന് കോട്ടയം ബി.സി.എം കോളജ് റിട്ട. പ്രൊഫസർ സെലിനാമ്മ ജോസഫ് നേതൃത്വം നൽകി. കൂടാതെ അമ്മമാരെ ആദരിക്കലും നടത്തപ്പെട്ടു. നൂറ്റമ്പതോളം പേർ പങ്കെടുത്തു. ചുങ്കം മേഖലയുടെ നേതൃത്വത്തിൽ തൊടുപുഴ ചുങ്കം സെന്റ് ജോസഫ് യു.പി സ്



കൂൾ ഹാളിൽ സംഘടിപ്പിച്ച ദിനാചരണത്തിന്റെ ഉദ്ഘാടനം പി.ജെ ജോസഫ് എം.എൽ.എ നിർവ്വഹിച്ചു. ചുങ്കം ഗ്രാമവികസന സമിതി പ്രസിഡന്റ് റവ. ഫാ. ജോർജ്ജ് പുതുപ്പറമ്പിൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് ചുങ്കം മേഖല പ്രസിഡന്റ് റവ. ഫാ. ഷാജി പൂത്തറ, കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത്, തൊടുപുഴ മുനിസിപ്പൽ കൗൺസിലർമാരായ ആർ. ഹരി, സുമ സ്റ്റീഫൻ, കെ.എസ്.എസ്.എസ് ചുങ്കം മേഖല സെക്രട്ടറി പ്രിയ രാജു, കോർഡിനേറ്റർ ലിസി ചാക്കോ എന്നിവർ പ്രസംഗിച്ചു. സെമിനാറിന് കോട്ടയം ബി.സി.എം കോളജ് റിട്ട. പ്രൊഫസർ സെലിനാമ്മ ജോസഫ് നേതൃത്വം നൽകി. കൂടാതെ അമ്മമാരെ ആദരിക്കലും നടത്തപ്പെട്ടു. ഇരുനൂറോളം പേർ ദിനാചരണത്തിൽ പങ്കെടുത്തു.

## 'മകൾക്കായി' ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു



കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ആധുനികകാലഘട്ടത്തിൽ കുട്ടികളുടെ സുരക്ഷിതത്വവും അവരുടെ വളർച്ചയുടെ ഭാഗമായി അമ്മമാർ ശ്രദ്ധിക്കേണ്ട വിഷയങ്ങളെയും ആസ്പദമാക്കി 'മകൾക്കായി' എന്ന പേരിൽ ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു. പയസ്മൗണ്ട് ചർച്ച് ഹാളിൽ സംഘടിപ്പിച്ച സെമിനാറിന്റെ ഉദ്ഘാടനം ഉഴവൂർ ഗ്രാമപഞ്ചായത്ത് രണ്ടാം വാർഡ് മെമ്പർ ശാന്തി സജി നിർവ്വഹിച്ചു. ചടങ്ങിൽ സിസ്റ്റർ മരിയ എസ്.വി.എം അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് പ്രോഗ്രാം കോർഡിനേറ്റർ ഷൈല തോമസ് ക്ലാസ്സ് നയിച്ചു. കോർഡിനേറ്റർ മേരി ഫിലിപ്പ്, മേഖല അനിമേറ്റേഴ്സ് എന്നിവർ നേതൃത്വം നൽകി. അമ്പതോളം പേർ പങ്കെടുത്തു.

# ന്യൂനപക്ഷ വിഭാഗങ്ങൾക്കായി നയിറോഷ്നി പദ്ധതിയ്ക്ക് തുടക്കം കുറിച്ചു




കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ സഹകരണത്തോടെ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന നയിറോഷ്നി പദ്ധതിയ്ക്ക് തുടക്കമായി. പദ്ധതിയുടെ ഉദ്ഘാടനം അഡ്വ. മോൻസ് ജോസഫ് എം.എൽ.എ ചൈതന്യയിൽ നിർവ്വഹിച്ചു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, പ്രോഗ്രാം കോർഡിനേറ്റർ ഹണി സെബാസ്റ്റ്യൻ, ബെസി ജോസ്, എന്നിവർ സന്നിഹിതരായിരുന്നു. പദ്ധതിയുടെ ഭാഗമായി കോട്ടയം ജില്ലയിലെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് വിവിധ വിഷയങ്ങളിൽ പരിശീലനം നൽകി. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വനിതകളുടെ ഉന്നമനവും മുഖ്യധാരാവത്ക്കരണവും ലക്ഷ്യമിട്ടാണ് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം കെ.എസ്.എസ്.എസുമായി സഹകരിച്ച് നയിറോഷ്നി പദ്ധതി നടപ്പിലാക്കിയത്. പരിശീലനത്തിന്റെ ഭാഗമായി നേതൃത്വപാടവം, വിദ്യാഭ്യാസ ഉന്നമനം, വ്യക്തിശുചിത്വം, സ്വച്ഛ് ഭാരത്, സാമ്പത്തിക സാക്ഷരത, ജീവിത നൈപുണ്യങ്ങൾ, നിയമാവകാശം, കമ്പ്യൂട്ടർ സാക്ഷരത തുടങ്ങിയ വിവിധ വിഷയങ്ങളിലാണ് ക്ലാസ്സുകൾ നടത്തപ്പെട്ടത്. ക്ലാസ്സുകൾക്ക് വിദഗ്ദ്ധർ നേതൃത്വം നൽകി. പരിശീലനം വിജയകരമായി പൂർത്തിക്കിയവർക്ക് സ്റ്റൈഫന്റും നൽകി.

# കുടുംബശാക്തീകരണ പദ്ധതി പങ്കാളികളുടെ സംഗമം സംഘടിപ്പിച്ചു



നിർദ്ധന കുടുംബങ്ങളുടെ സമഗ്ര ഉന്നമനം ലക്ഷ്യമാക്കി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കി വരുന്ന കുടുംബശാക്തീകരണ പദ്ധതി അംഗങ്ങളുടെ സംഗമം സംഘടിപ്പിച്ചു. ചൈതന്യയിൽ സംഘടിപ്പിച്ച സംഗമത്തിന്റെ ഉദ്ഘാടനം കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സഖറിയാസ് കുതിരവേലിൽ നിർവ്വഹിച്ചു. കോട്ടയം മുനിസിപ്പൽ കൗൺസിലർ റ്റി.സി റോയി ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, പ്രോഗ്രാം കോർഡിനേറ്റർ ജിതിൻ എബ്രഹാം, സിസ്റ്റർ കത്രീന ഡി.സി.പി.ബി, ജാൻസി സന്തോഷ്, ബിൻസി ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു. സംഗമത്തോടനുബന്ധിച്ച് പദ്ധതി പങ്കാളികളുടെ കർമ്മരേഖാ രൂപീകരണവും പ്രവർത്തന അവലോകനവും നടത്തപ്പെട്ടു. അടിസ്ഥാന സൗകര്യവികസനം, സ്വയംതൊഴിൽ സംരംഭകത്വ പ്രോത്സാഹനങ്ങൾ, വിദ്യാഭ്യാസ ആരോഗ്യ ക്ഷേമ പ്രവർത്തനങ്ങൾ, പരിശീലനങ്ങൾ തുടങ്ങിയ വിവിധങ്ങളായ മേഖലകൾ കേന്ദ്രീകരിച്ചുള്ള സമഗ്ര വികസന മുന്നേറ്റ പ്രവർത്തനങ്ങളാണ് പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങൾക്ക് ലഭ്യമാക്കുന്നത്. സംഗമത്തിൽ പദ്ധതി പങ്കാളികളായ 90 പേർ പങ്കെടുത്തു.

# ശാസ്ത്ര സാങ്കേതിക ദിനാചരണം സംഘടിപ്പിച്ചു




കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി & എൻവയോൺമെന്റ് ഡിപ്പാർട്ട്മെന്റിന്റെ സഹകരണത്തോടെ ശാസ്ത്ര സാങ്കേതിക ദിനാചരണം സംഘടിപ്പിച്ചു. ചൈതന്യയിൽ സംഘടിപ്പിച്ച ദിനാചരണത്തിന്റെ ഉദ്ഘാടനം ഭാരത കത്തോലിക്ക മെത്രാൻ സമിതിയുടെ സാമൂഹ്യ സേവന വിഭാഗമായ കാരിത്താസ് ഇൻഡ്യ എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ മൂഞ്ഞേലി നിർവ്വഹിച്ചു. കോട്ടയം അതിരൂപത വികാരി ജനറാളും കെ.എസ്.എസ്.എസ് പ്രസിഡന്റുമായ റവ. ഫാ. മൈക്കിൾ വെട്ടിക്കാട്ട് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത്, കെ.എസ്.എസ്.എസ് പ്രോഗ്രാം കോർഡിനേറ്റർ ഹണി സെബാസ്റ്റ്യൻ, കോർഡിനേറ്റർ ജിജി ജോയി എന്നിവർ പ്രസംഗിച്ചു. ദിനാചരണത്തിന്റെ ഭാഗമായി 'ഇൻഡ്യയുടെ വളർച്ചയിൽ ശാസ്ത്ര സാങ്കേതിക വിദ്യയുടെ പങ്ക്' എന്ന വിഷയത്തിൽ നടത്തപ്പെട്ട സെമിനാറിന് കോട്ടയം ബി.സി.എം കോളേജ് റിട്ട. പ്രൊഫസർ സെലിനാമ്മ ജോസഫ് നേതൃത്വം നൽകി. അഞ്ച്, ആറ്, ഏഴ് ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ സമഗ്ര വളർച്ച ലക്ഷ്യമാക്കി കെ.എസ്.എസ്.എസ് രൂപം നൽകിയിരിക്കുന്ന സ്മാർട്ട് ഗ്രൂപ്പുകളിൽ നിന്നായി നൂറോളം കുട്ടികൾ ദിനാചരണത്തിൽ പങ്കെടുത്തു.

# പരിമിതികളെ മറന്ന് ജില്ലാ പോലീസ് മേധാവിയുമായി സംവദിച്ച് ഭിന്നശേഷിയുള്ള കുരുന്നുകൾ



വൈകല്യങ്ങളെ ഇച്ഛാശക്തിയോടെ നേരിട്ട് കൈവല്യങ്ങളാക്കി മാറ്റാമെന്ന നിശ്ചയദാർഢ്യത്തോടെ പോലീസിനെക്കുറിച്ചും പോലീസ് സംവിധാനങ്ങളെക്കുറിച്ചും ചോദിച്ച് മനസിലാക്കുവാൻ ഭിന്നശേഷിയുള്ള കുരുന്നുകൾ കോട്ടയം ജില്ലാ പൊലീസ് മേധാവിയുടെ ആസ്ഥാനത്ത് എത്തിച്ചേർന്നപ്പോൾ എസ്.പി വി.എം മുഹമ്മദ് റഫീക് ഐ.പി.എസും മറ്റ് പോലീസ് ഉദ്യോഗസ്ഥരും നിറമനസ്സോടെ അവരെ സ്വീകരിച്ചു. കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഭിന്നശേഷിയുള്ളവരുടെ സമഗ്ര ഉന്നമനം ലക്ഷ്യമാക്കി നടപ്പിലാക്കി വരുന്ന സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതിയുടെ ഭാഗമായിട്ടാണ് ഭിന്നശേഷിയുള്ള കുരുന്നുകൾ കോട്ടയം ജില്ലാ പോലീസ് മേധാവിയുടെ ഓഫീസും ജനമൈത്രി പോലീസ് സ്റ്റേഷനും സന്ദർശിച്ചത്. ഭിന്നശേഷിയുള്ള കുരുന്നുകളുമായി സംവദിച്ച വി.എം. മുഹമ്മദ് റഫിക് ഐ.പി.എസ് പോലീസിനെക്കുറിച്ചും ജനമൈത്രി പോലീസ് സംവിധാനത്തെക്കുറിച്ചും വിശദമാക്കി. ഭിന്നശേഷിയുള്ളവർക്ക് പോലീസിന്റെ ഭാഗത്തുനിന്ന് ലഭ്യമാകുന്ന സേവനങ്ങളെക്കുറിച്ചും കുട്ടികൾ ചോദിച്ച് മനസിലാക്കി. കൂടാതെ തങ്ങളുടെ



കലാവാസനകൾ ജില്ലാ പോലീസ് മേധാവിക്ക് മുൻപിൽ കട്ടികൾ അവതരിപ്പിക്കുകയും ചെയ്തു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, സി.ബി.ആർ സന്നദ്ധ പ്രവർത്തകർ എന്നിവർ സന്ദർശനത്തിന് നേതൃത്വം നൽകി. ഭിന്നശേഷിയുള്ളവർക്കായുള്ള സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച മിന്നാമിന്നി ക്യാമ്പിനോടനുബന്ധിച്ചാണ് ഭിന്നശേഷിയുള്ള കുട്ടികൾ ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയവും ജനമൈത്രി പോലീസ് സ്റ്റേഷനും സന്ദർശിച്ചത്. പോലീസ് സ്റ്റേഷനും പോലീസുകാരെയും കണ്ടതിന്റെയും ജില്ലാ പോലീസ് മേധാവിയുമായി സംസാരിച്ചതിന്റെയും സന്തോഷത്തിലാണ് ഭിന്നശേഷിയുള്ള കുരുന്നുകൾ യാത്രയായത്. കുട്ടികൾക്ക് മധുരം നൽകിയാണ് ജില്ലാ പോലീസ് മേധാവി യാത്രയാക്കിയത്. രണ്ട് ദിവസങ്ങളിലായി സംഘടിപ്പിച്ച ക്യാമ്പിനോടനുബന്ധിച്ച് വിവിധ വിഷയങ്ങളിൽ ക്ലാസ്സും പഠന യാത്രയും കുട്ടികളുടെ വിവിധ കലാപരിപാടികളും നടത്തപ്പെട്ടു. ക്യാമ്പിന്റെ സമാപന സമ്മേളനം കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സഖറിയാസ് കുതിരവേലിൽ ഉദ്ഘാടനം ചെയ്തു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, മുനിസിപ്പൽ കൗൺസിലർ



ടി.സി റോയി എന്നിവർ സന്നിഹിതരായിരുന്നു. 60തോളം കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു.

## നിയമ അവബോധ സെമിനാർ സംഘടിപ്പിച്ചു



സംഘശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സ്വാശ്രയ സംഘാംഗങ്ങൾക്കായി നിയമ അവബോധ സെമിനാർ സംഘടിപ്പിച്ചു. കെ.എസ്.എസിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന കുടുംബശാക്തീകരണ പദ്ധതിയിലെ അംഗങ്ങളുടെ സംഗമത്തോടനുബന്ധിച്ച് നടത്തപ്പെട്ട സെമിനാറിന് ഏറ്റുമാനൂർ സർക്കിൾ ഇൻസ്പെക്ടർ എ.ജെ തോമസ് നേതൃത്വം നൽകി. 90റോളം പേർ പങ്കെടുത്തു.

# ഗ്രൂപ്പ് ഭാരവാഹി സംഗമം സംഘടിപ്പിച്ചു



കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സ്വാശ്രയസംഘങ്ങളുടെ ശാക്തീകരണം മുൻനിർത്തി ചുങ്കം മേഖലയിലെ സ്വാശ്രയസംഘ ഭാരവാഹി സംഗമം സംഘടിപ്പിച്ചു. ഗ്രൂപ്പ് പ്രവർത്തനങ്ങളുടെ ചലനാത്മകതയും സജീവതയും ഉറപ്പുവരുത്തുന്നതോടൊപ്പം കൂടുതൽ കർമ്മ നിരതമായ പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് നടപ്പിലാക്കുന്നതിനുമായാണ് ഭാരവാഹി സംഗമം സംഘടിപ്പിച്ചിച്ചത്. സംഗമത്തിന്റെ ഉദ്ഘാടനം പി.ജെ ജോസഫ് എം.എൽ.എ നിർവ്വഹിച്ചു. ചുങ്കം ഗ്രാമവികസന സമിതി പ്രസിഡന്റ് റവ. ഫാ. ജോർജ്ജ് പുതുപ്പറമ്പിൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് ചുങ്കം മേഖല പ്രസിഡന്റ് റവ. ഫാ. ഷാജി പൂത്തറ, കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത്, തൊടുപുഴ മുനിസിപ്പൽ കൗൺസിലർമാരായ ആർ. ഹരി, സുമ സ്റ്റീഫൻ, കെ.എസ്.എസ്.എസ് ചുങ്കം മേഖല സെക്രട്ടറി പ്രിയ രാജു, കോർഡിനേറ്റർ ലിസി ചാക്കോ എന്നിവർ പ്രസംഗിച്ചു. സെമിനാറിന് കോട്ടയം ബി.സി.എം കോളജ് റിട്ട. പ്രൊഫസർ സെലിനാമ്മ ജോസഫ്, കോർഡിനേറ്റർമാരായ ബെസ്സി ജോസ്, മേഴ്സി സ്റ്റീഫൻ എന്നിവർ നേതൃത്വം നൽകി.

# ഗ്രീൻവാലി വാർത്തകൾ



## അഭിനന്ദനങ്ങൾ!!

ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റി സെക്രട്ടറിയായി നിയമിതനായ ബഹു. ജോമോൻ കുന്നക്കാട്ടുതടത്തിൽ അച്ചന് അഭിനന്ദനങ്ങൾ!!!



## യാത്രാമംഗളങ്ങൾ!!

അഞ്ചര വർഷത്തെ സേവനത്തിനുശേഷം ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റി സെക്രട്ടറി സ്ഥാനത്ത് നിന്നും ചേർപ്പുങ്കൽ സമരിറ്റൻ റിസോഴ്സ് സെന്റർ ജോയിന്റ് ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹു. ജയിംസ് വടക്കേകണ്ടംങ്കരി അച്ചന് ജിഡിഎസ് കുടുംബാംഗങ്ങളുടെ സ്നേഹനിർഭര യാത്രാമംഗളങ്ങളും പ്രാർത്ഥനയും!!!

**പരിസ്ഥിതി ദിനത്തിൽ പത്തിനം ഫലവൃക്ഷങ്ങളുമായി ജി.ഡി.എസ്**

സ്വാശ്രയ ഫലവൃക്ഷ ഗ്രാമങ്ങൾ എന്ന ലക്ഷ്യം മുൻനിത്തി സ്വാശ്രയസംഘങ്ങളുടെ നേതൃത്വത്തിൽ തയ്യാർ ചെയ്ത പത്തിനം ഫലവൃക്ഷതൈകൾ ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പരസ്പരം കൈമാറി പുരയിടത്തിലും തൊടിയിലും നട്ടുവളർത്തുന്നതിന് ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റി സംഘാംഗങ്ങൾ ഒന്നടങ്കം തീരുമാനിച്ചു. പദ്ധതിതിയുടെ ഉദ്ഘാടനം ജൂൺ അഞ്ചാം തീയതി രാവിലെ 10 മണിക്ക് മരിയൻ സദൻ അനിമേഷൻ സെന്ററിൽ നടത്തപ്പെടും. ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റി സെക്രട്ടറി ഫാ. ജോമോൻ കുന്നക്കാട്ടുതടത്തിൽ പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിക്കും. റംബുട്ടാൻ, പുലസാൻ, അത്തി, മാഗോസ്റ്റിൻ, പേര, ചാമ്പ, നാരകം, ഫാഷൻ ഫ്രൂട്ട്, വിവിധയിനം മാവുകൾ, പ്ലാവുകൾ എന്നിവയാണ് ഫലവൃഷങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**ദമ്പതീസംഗമങ്ങൾ നടത്തി**



ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പടമുഖം നാരകക്കാനം എന്നീ ഗ്രാമവികസന സമിതികളുടെ സഹകരണത്തോടെ സ്വാശ്രയ സംഘ ദമ്പതി സംഗമം നടത്തി. പടമുഖം ഗ്രാമത്തിൽ സംഘടിപ്പിച്ച സംഗമത്തിൽ ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റി വൈസ് പ്രസിഡന്റ് റവ. ഫാ. ബെന്നി കന്നുവെട്ടിയിൽ അദ്ധ്യക്ഷത വ

ഹിച്ചു. ഗ്രീൻവാലി ഡവലപ്പ്മെന്റ് സൊസൈറ്റി സെക്രട്ടറി ഫാ. ജെയിംസ് വടക്കേക്കണ്ടങ്കരിയൽ സംഗമം ഉദ്ഘാടനം ചെയ്തു. വാത്തുക്കുടി ഗ്രാമപഞ്ചായത്ത് മെമ്പർ അജീഷ് നെല്ലിപ്പുഴക്കുന്നേൽ, ബേബി ജോർജ്ജ്, റെജി കപ്പളങ്ങാട്ട്, മിനി ജോഷി തെങ്ങനാട്ട് എന്നിവർ ആശംസകൾ അർപ്പിച്ചു. സംഗമത്തോടനുബന്ധിച്ച് എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ ലഭിച്ച മുൻ സ്മാർട്ട് ഗ്രൂപ്പംഗങ്ങളായ ശില്പ ഗിരീഷ്, മെൽബിൻ മരിയ സിബിച്ചൻ എന്നിവരെ ആദരിച്ചു. നാരകക്കാനത്ത് നടത്തിയ സംഗമത്തിൽ ജിഡിഎസ് സെക്രട്ടറി റവ. ഫാ. ജെയിംസ് വടക്കേകണ്ടംങ്കരിയിൽ അദ്ധ്യക്ഷത വഹിച്ചു. ഇടുക്കി എം.എൽ.എ റോഷി അഗസ്റ്റ്യൻ സംഗമം ഉദ്ഘാടനം ചെയ്തു. ഫാ. ജോർജ്ജ് പള്ളിവാതുക്കൽ, മരിയാപുരം ഗ്രാമപഞ്ചായത്ത് അംഗം എൽസമ്മ ലൂക്കോസ്, ജോസഫ് പന്നയ്ക്കൽ, രാജു തോമസ്, ബിജു പൊരുന്നക്കോട്ട്, തങ്കച്ചൻ വേംബേനിയിൽ എന്നിവർ പ്രസംഗിച്ചു.സംഗമത്തോടനുബന്ധിച്ച് നടത്തപ്പെട്ട സെമിനാറിന് ലെനിൻ പി. ജെ നേതൃത്വം നൽകി. കൂടാതെ വിവിധ മത്സരങ്ങളും സ്നേഹ വിരുന്നും സംഘടിപ്പിച്ചു. 250ൽ അധികം ദമ്പതികൾ പങ്കെടുത്തു.



**ജിഡിഎസ് സ്റ്റാഫ് ദമ്പതീ സംഗമം നടത്തി**

ജിഡിഎസ് സ്റ്റാഫ് അംഗങ്ങളും ജീവിത പങ്കാളികളും ഒരുമിച്ച് സ്റ്റാഫ് ദമ്പതി സംഗമം സംഘടിപ്പിച്ചു. മെയ് 14-ാം തീയതി മരിയസദൻ അനിമേഷൻ സെന്ററിൽ നടത്തപ്പെട്ട സംഗമത്തിൽ ജിഡിഎസ് വൈസ് പ്രസിഡന്റ് റവ. ഫാ. ബെന്നി കന്നുവെട്ടിയിൽ അദ്ധ്യക്ഷത വഹിച്ചു. ചടങ്ങിൽ ജിഡിഎസ് സെക്രട്ടറി ഫാ. ജെയിംസ് വടക്കേകണ്ടകരിൽ നിയുക്ത സെക്രട്ടറി റവ. ഫാ. ജോമോൻ കുന്നക്കാട്ടുതടത്തിൽ എന്നിവർ വിശിഷ്ടാതിഥികളായി പങ്കെടുത്തു. ചിന്നമ്മ ചാക്കോ, സുജ ജോബി, ബേബി കൊല്ലപ്പള്ളി, സിറിയക് ജോസഫ് എന്നിവർ പ്രസംഗിച്ചു.



**തേനിച്ച വളർത്തൽ പരിശീലനം സംഘടിപ്പിച്ചു**

തെള്ളിത്തോട് ഗ്രാമവികസന സമിതിയുടെ നേതൃത്വത്തിൽ സ്വാശ്രയ സംഘാംഗങ്ങൾക്കായി തേനീച്ച വളർത്തൽ പരിശീലനം നടത്തി. 20 പേർ പങ്കെടുത്തു.

# മേഖലാ വാർത്തകൾ

## സി.ബി.ആർ വാർത്തകൾ

**സോളാർ എൽ.ഇ.ഡി വിളക്ക് വിതരണം** : കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി ഭിന്നശേഷിയുള്ളവർക്കായി നടപ്പിലാക്കുന്ന സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതിയുടെ ഭാഗമായി വൈദ്യുതി രഹിത ഭിന്നശേഷിയുള്ള കുടുംബങ്ങൾക്ക് ചായി – എൽ.എഫ് പ്രോ ജക്ടിന്റെ സഹകരണത്തോടെ സോളാർ എൽഇഡി വിളക്കുകൾ നൽകി. സിബിആർ അംഗങ്ങളായ കല്ലറ പുത്തൻപള്ളി ഗ്രൂപ്പിലെ സിൽസി മാത്യുവിനും, കുമരകം കരിയിൽ ഗ്രൂപ്പിലെ അഞ്ചുമോൾക്കും, മറ്റക്കര ഗ്രൂപ്പിലെ അരുൺ കൃഷ്ണയ്ക്കുമാണ് വിളക്കുകൾ വിതരണം ചെയ്തത്.

**അന്ധബധിര പുരനരധിവാസ പദ്ധതി പഠനയാത്ര:** അന്ധബധിര പുനരധിവാസ പദ്ധതിയുടെ ചേർപ്പുങ്കലിൽ പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രമായ ഗുഡ് സമരിറ്റനിലെ കുട്ടികളും അവരുടെ രക്ഷിതാക്കളും പഠനയാത്രയുടെ ഭാഗമായി കുമരകം സന്ദർശിക്കുകയും ബോട്ടിംഗ് നടത്തുകയും പക്ഷി സങ്കേത കേന്ദ്രം സന്ദർശിക്കുകയും ചെയ്തു.

**'സെയിഫ് മദർഹുഡ് ഡേ' ആഘോഷിച്ചു:** കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കുന്ന അന്ധബധിര പദ്ധതിയുടെ ഭാഗമായി കിടങ്ങൂരിൽ സെയിഫ് മദർഹുഡ് ഡേ ആഘോഷിച്ചു. അന്ധബധിരതയ്ക്കും മറ്റ് വൈകല്യങ്ങൾക്കും മുഖ്യ കാരണമായ റൂബല്ല വൈറസിനെ തടയുക ആരോഗ്യമുള്ള സ്ത്രീ സമൂഹത്തെ വാർത്തെടുക്കുക എന്നീ ലക്ഷ്യം മിൻനിർത്തി കിടങ്ങൂർ ഫൊറോനായിലെ കെ.സി.വൈ.എൽ പെൺകുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് മെയ് 12–ാം തീയതി കിടങ്ങൂർ സെന്റ് മേരീസ് ചർച്ച് പാരീഷ് ഹാളിലാണ് ദിനാചരണം നടത്തിയത്. ദിനാചരണത്തോടനുബന്ധിച്ച് നടത്തപ്പെട്ട സെമിനാറിന് കെ.എസ്.എസ്.എസ് പ്രൊജക്ട് കോർഡിനേറ്റർ ഷൈല തോമസും റീജിയണൽ കോർഡിനേറ്റർ സി. നിഖില എസ്.ജെ.സിയും നേതൃത്വം നൽകി

**ബോധവൽക്കരണ ക്ലാസ് നടത്തി:** അന്ധബധിര പദ്ധതിയുടെ ഭാഗമായി കാസർഗോഡ് ജില്ലയിലെ അംഗൻവാടി ടീച്ചേഴ്സിന് ബോധവൽക്കരണ ക്ലാസ് നടത്തി. സി. നിഖില എസ്.ജെ.സി ക്ലാസ്സുകൾക്ക്

നേതൃത്വം നൽകി.

**ആശ്വാസ കിരൺ ലഭിച്ചു:** അടിച്ചിറ സി.ബി.ആർ ഗ്രൂപ്പംഗമായ സെബാസ്റ്റ്യൻ, റിനീഷ്, ഷിജു, അജിമോൾ എന്നീ കുട്ടികളുടെ മാതാക്കൾക്ക് ആശ്വാസ കിരൺ ലഭിച്ചു.

**ബദൽ ജീവിത ശൈലി ഉൽപന്നങ്ങൾ ലഭ്യമാക്കി:** കല്ലറ പുത്തൻ, നീണ്ടൂർ, അടിച്ചിറ സി.ബി.ആർ ഗ്രൂപ്പുകളിലും കരിപ്പുത്തട്ട് സി.ബി, ആർ ഗ്രൂപ്പിലും ബദൽ ജീവിതശൈലി ഉൽപന്നങ്ങൾ ഉണ്ടാക്കി വരുമാനം കണ്ടെത്തുന്നു. കല്ലറ പുത്തൻപള്ളി സി.ബി.ആർ ഗ്രൂപ്പിലെ ആൻസി ചാക്കോ തയ്യൽ ജോലിയിലൂടെ വരുമാനം കണ്ടെത്തുന്നു.

**സി.ബി.ആർ കൈപ്പുഴ മേഖല ടൂർ:** കൈപ്പുഴ മേഖലയുടെ നേതൃത്വത്തിൽ എറണാകുളം, വല്ലാർപാടം, ഇടപ്പള്ളി പള്ളി, മെട്രോ, ലുലു മാൾ എന്നിവിടങ്ങളിലേക്ക് കുട്ടികളെയും കൊണ്ട് വിനോദയാത്ര നടത്തി. 49 പേർ പങ്കെടുത്തു. സി.ബി.ആർ സ്റ്റാഫംഗങ്ങൾ നേതൃത്വം നൽകി.

**പെൻഷൻ ലഭിച്ചു:** കൈപ്പുഴ സി.ബി.ആർ ഗ്രൂപ്പംഗമായ ജിത്തുമോൻ സജിക്ക് വികലാംഗ പെൻഷൻ ലഭിച്ചു. അതിരമ്പുഴ സി.ബി.ആർ ഗ്രൂപ്പംഗമായ അലീന ബെന്നിക്കും ആൽഫിൻ ബെന്നിക്കും വികാലാംഗ പെൻഷൻ 12500, 11800 എന്നി ക്രമത്തിൽ അതിരമ്പുഴ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ചു.

**കണ്ണാടി ലഭിച്ചു:** കൈപ്പുഴ സിബിആർ ഗ്രൂപ്പംഗമായ ജേക്കബ് സണ്ണിക്കും മാന്നാനം സി.ബി.ആർ ഗ്രൂപ്പ് അംഗമായ സനുമോൾ ചാക്കോയ്ക്കും, പഴയ കല്ലറ സി.ബി.ആർ ഗ്രൂപ്പിലെ മെറീന റിജു, ജിൻസ് സജി എന്നിവർക്കും അങ്കമാലി ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റലിൽ നിന്നും കണ്ണാടി ലഭിച്ചു.

**മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭിച്ചു:** ഉഴവൂർ സി.ബി.ആർ ഗ്രൂപ്പംഗമായ ഗീതുവിനും സംക്രാന്തി സി.ബി.ആർ ഗ്രൂപ്പംഗമായ സെബിൻ കെ. കെയ്ക്കും മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭിച്ചു.

**ജീവകാരുണ്യനിധി സഹായം:** പേരൂർ സി.ബി.ആർ ഗ്രൂപ്പിലെ രാജു ചാക്കോ, അനശ്വര, സംക്രാന്തി സി.ബി.ആർ ഗ്രൂപ്പിലെ സുഹ്റ ഹംസ എന്നിവർക്ക് ജീവകാരുണ്യനിധി സഹായം ലഭിച്ചു. അറുനൂറ്റിമംഗലം കീഴൂർ ഗ്രൂപ്പിൽ ഉള്ള നിഥിൻ ജോസഫിന് 7500 രൂപ ധനസഹായം ലഭ്യമാക്കി.

**പരിശീലനം:** പിറവം, അലരി ഗ്രൂപ്പുകളിൽ ലിക്യുഡ്, ഹാർപ്പിക്ക് ഇവ



ഉണ്ടാക്കാൻ പഠിപ്പിച്ചു. കുമാരനെല്ലൂർ സിബിആർ ഗ്രൂപ്പിൽ ചക്ക പരിശീലനം നടത്തി 10 അംഗങ്ങൾ പങ്കെടുത്തു. കോർഡിനേറ്റർ ലൈല ഫിലിപ്പ് നേതൃത്വം നൽകി.

**പ്രദർശന വിപണന സ്റ്റാൾ :** കുമരകം അഗാപ്പെ ഡെകെയർ സെന്ററിന്റെ നേതൃത്വത്തിൽ കുമരകം വള്ളാറപ്പള്ളി പെരുന്നാളിനോടനുബന്ധിച്ച് പ്രദർശന വിപണന സ്റ്റാൾ ക്രമീകരിക്കുകയും ഭിന്നശേഷിയുള്ള കുട്ടികൾ നിർമ്മിച്ച സാധനങ്ങൾ വിറ്റഴിക്കുകയും ചെയ്തു.

## ചുങ്കം മേഖല

**ഹരിതവേദി ഭാരവാഹികളുടെ മീറ്റിംഗ് നടത്തി:** ചുങ്കം മിനി ഹാളില് വച്ച് ഹരിതവേദി ഭാരവാഹികളുടെ മീറ്റിംഗ് സംഘടിപ്പിച്ചു. ജൂൺ 5 പരിസ്ഥിതി ദിനം, ജൂൺ 10 ഫാദേഴ്സ് ഡേയും ഹരിത സംഗമവും ന ടത്തുന്നതിന്റെ കർമ്മരേഖ ചർച്ച ചെയ്യുകയും തീരുമാനങ്ങൾ എടു ക്കുകയും ചെയ്തു. കോർഡിനേറ്റർ ലിസി ചാക്കോയുടെ അദ്ധ്യക്ഷ തയിൽ ചേർന്ന യോഗത്തിൽ റോയി ജേക്കബ് സ്വാഗതവും ജോയി ഇറപുറത്ത് നന്ദിയും പറഞ്ഞു.

**പരിശീലനം: മുട്ടം** ഗ്രാമത്തിൽ കേക്ക് നിർമ്മാണവും **മണക്കാട്** ഗ്രാ മത്തിൽ ചവിട്ടി നിർമ്മാണവും, **മാറിക** ഗ്രാമത്തിൽ ഐജിപി പരിശീ ലനവും നടത്തി.

**പൂ കൃഷി പരിശീലനം: കരിങ്കുന്നം** കൃഷി ഓഫീസുമായി സഹകരി ച്ച് വിപണന സാധ്യതയുള്ള വിവിധയിനം പൂ കൃഷി രീതികളെക്കുറി ച്ച് പരിശീലനം സംഘടിപ്പിച്ചു. കരിംങ്കുന്നം ഗ്രാമത്തിലെ 15 അംഗ ങ്ങൾ പരിശീലനത്തിൽ പങ്കെടുത്തു.

**ക്ലാസ്: വടക്കുംമുറി, മ്രാല** ഗ്രാമങ്ങളിൽ പകർച്ച പനിയെക്കുറിച്ചും രോഗപ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചും ക്ലാസ്സുകൾ നടത്തി. ക്ലാസ്സു കൾക്ക് ആശാവർക്കർമാരായ ഷൈലാ ബെന്നി, ബിന്ദു എന്നിവർ നേ തൃത്വം നൽകി.

**നോട്ട് ബുക്കുകൾ ലഭ്യമാക്കി:** ചുങ്കം മേഖലയിലെ **മുട്ടം, മാറിക, മ ണക്കാട്, ചുങ്കം, വാരപ്പെട്ടി, പറമ്പഞ്ചേരി, മ്രാല** ഗ്രാമങ്ങളിൽ നോ ട്ട് ബുക്കുകൾ ലഭ്യമാക്കി.

**പേപ്പർ ബാഗ് യൂണിറ്റിന്റെ വാർഷികം സംഘടിപ്പിച്ചു: മാറിക** ചുങ്കം മേഖലയിലെ മാറിക ഗ്രാമത്തിൽ പ്രവർത്തിക്കുന്ന പേപ്പർ ബാഗ് യൂണിറ്റിന്റെ ഒന്നാം വാർഷികം സംഘടിപ്പിച്ചു. ഗ്രാമ വികസന സമിതി പ്രസിഡന്റ് ഫാ. വിൻസൺ കുരുട്ടുപറമ്പിൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കോർഡിനേറ്റർ ലിസ്സി ചാക്കോ യൂണിറ്റ് അംഗങ്ങളായ ലീന, സരിത എന്നിവർ പ്രസംഗിച്ചു.



## ഇടയ്ക്കാട് മേഖല

**സംഭാര വിതരണം നടത്തി: എസ്.എച്ച് മൗണ്ട്** നക്ഷത്ര സൗഹൃദ വേദിയുടെ നേതൃത്വത്തിൽ എസ്.എച്ച് മൗണ്ട് പള്ളിയിലെ പെരുന്നാളിനോടനുബന്ധിച്ച് സംഭാര വിതരണം നടത്തി.

**നയി റോഷ്നി ക്ലാസ്സിൽ പങ്കെടുത്തു: കാരിത്താസ്** ഗ്രാമത്തിൽ നിന്നും 4 പേർ നയി റോഷ്നി ക്ലാസ്സിൽ പങ്കെടുത്തു.

**വിനോദയാത്ര: കിഴക്കേ നട്ടാശ്ശേരി** ഗ്രാമവികസന സമിതിയുടെ നേതൃത്വത്തിൽ അന്നാ അലുമിനിയം, കിറ്റക്സ്, ചിറായി ബീച്ച്, മെട്രോ, വല്ലാർപാടം എന്നിവിടങ്ങിലേയ്ക്ക് വിനോദയാത്ര സംഘടിപ്പിച്ചു. 47 പേർ പങ്കെടുത്തു.

**വരുമാനപദ്ധതി: എസ്.എച്ച് മൗണ്ട്** പ്രതീക്ഷാ ഗ്രൂപ്പംഗം പ്രസന്ന രാജേന്ദ്രൻ കാട, കോഴി എന്നിവയെ വളർത്തിയും **കാരിത്താസ്** പുലരി ഗ്രൂപ്പംഗം ലീലാമ്മ ജോസഫ് പശു വളർത്തിയും **കുമരകം** സൗഭാഗ്യ ഗ്രൂപ്പംഗം എബ്രാഹം, ചൈതന്യ ഗ്രൂപ്പംഗം ഉഷ ഓമനക്കുട്ടൻ എന്നിവർ നെൽ കൃഷി ചെയ്തും, **ചാരമംഗലം** ദർശന ഗ്രൂപ്പംഗം ലിന ബിജു വിറക് കച്ചവടം നടത്തിയും **ഒളശ** ശാന്തി ഗ്രൂപ്പംഗം റാണി കാട വളർത്തിയും **മള്ളുശ്ശേരി** ഐശ്വര്യ ഗ്രൂപ്പംഗം ആട് വളർത്തിയും **ചെങ്ങളം** തേജസ് ഗ്രൂപ്പംഗം ബിന്ദു ജിബു കാസറ്റ് കട നടത്തിയും വരുമാനം കണ്ടെത്തുന്നു.

**മാതൃദിനാചരണവും അമ്മയറിയാൻ ബോധവൽക്കരണ ക്ലാസ്സും:** ഒളശ്ശ ഇടയ്ക്കാട്ട് മേഖലയുടെ നേതൃത്വത്തിൽ ഒളശ്ശ സെന്റ് ആന്റ

ണീസ് ചർച്ച് ഹാളിൽ വച്ച് മാതൃദിനാചരണവും ബോധവൽക്കരണ സെമിനാറും സംഘടിപ്പിച്ചു. ദിനാചരണത്തിന്റെ ഉദ്ഘാടനം ഗ്രാമവികസന സമിതി പ്രസിഡന്റ് ഫാ. മാത്യു കുരിയത്തറ നിർവ്വഹിച്ചു. നിർമ്മല ജെയ്മോൻ, സിസ്റ്റർ ഇമ്മാനുവേൽ പ്രകാശ് എന്നിവർ പ്രസംഗിച്ചു. സെമിനാറിന് ഓഫീസ് സ്റ്റാഫ് ഷൈല തോമസ് നേതൃത്വം നൽകി.



## കിടങ്ങൂർ മേഖല

**വിനോദയാത്ര സംഘടിപ്പിച്ചു: കട്ടച്ചിറ** ഗ്രാമത്തിൽ നിന്നും ചോറ്റാനിക്കര, വല്ലാർപാടം, മെട്രോ, ബീച്ച്, ഇടപ്പള്ളി പള്ളി എന്നിവിടങ്ങളിലേയ്ക്ക് വിനോദയാത്ര സംഘടിപ്പിച്ചു. 42 അംഗങ്ങൾ പങ്കെടുത്തു.
**വരുമാന പദ്ധതി: പുന്നത്തുറ** ധനലക്ഷ്മി ഗ്രൂപ്പംഗങ്ങൾ നിത്യോപയോഗ സാധനങ്ങൾ ഉണ്ടാക്കി വിൽപ്പന നടത്തിയും **ചെറുകര** ഗ്രാമത്തിലെ ജിസ്ന ഷിബി പത്തിരി ഉണ്ടാക്കിയും അംബിക അപ്പു പെട്ടികട നടത്തിയും **മറ്റക്കര** സൂര്യ ഗ്രൂപ്പംഗം ശശികല പാലപ്പം ഉണ്ടാക്കി വിപണനം ചെയ്തും, **ഏറ്റുമാനൂർ** ഐശ്വര്യ ഗ്രൂപ്പംഗം മേരി തോമസ് ലിക്വിഡ് സോപ്പുണ്ടാക്കി വിറ്റും **കിടങ്ങൂർ** ഗൃഹലക്ഷ്മി ഗ്രൂപ്പംഗം മോളി ജോസ് അച്ചാർ, ഇടിയിറച്ചി എന്നിവ ഉണ്ടാക്കി വിറ്റും, **മാറിടം** ഗ്രാമത്തിലെ മായ ബാലചന്ദ്രൻ നൈറ്റി, ചുരിദാർ തുണി വിൽപ്പന നടത്തിയും വരുമാനം കണ്ടെത്തുന്നു.
**ഐ.ജി.പി പരിശീലനം: പുന്നത്തുറ** ധനലക്ഷ്മി ഗ്രൂപ്പംഗങ്ങൾക്ക് നിത്യോപയോഗ സാധന നിർമ്മാണ പരിശീലനവും **നീറിക്കാട്** എമ്മാനുവേൽ ഗ്രൂപ്പംഗങ്ങൾക്ക് ഹാർപ്പിക് നിർമ്മാണ പരിശീലനവും സംഘടിപ്പിച്ചു. അനിമേറ്റർ നേതൃത്വം നൽകി.
**ചക്ക പരിശീലനം: ചേർപ്പുങ്കൽ** ദീപ്തി ഗ്രൂപ്പിലും **ചെറുകര** കരുണ ഗ്രൂപ്പിലും (14) ചക്ക പരിശീലനം സംഘടിപ്പിച്ചു. അനിമേറ്റേഴ്സ് പരിശീലനത്തിന് നേതൃത്വം നൽകി.

**പുതിയ അംഗങ്ങൾ: ചെറുകര** പ്രതിഭ ഗ്രൂപ്പിൽ 5ഉം, സ്നേഹ ഗ്രൂപ്പിൽ 2ഉം, ശോഭ ഗ്രൂപ്പിൽ 1ഉം, സീനിയർ ഗ്രൂപ്പിൽ 1ഉം വീതം അംഗങ്ങളും **മറ്റക്കര** അൽഫോൻസ ഗ്രൂപ്പിൽ 4ഉം, സൂര്യ ഗ്രൂപ്പിൽ 2ഉം തിരുകുടുംബം ഗ്രൂപ്പിൽ 2ഉം വീതം അംഗങ്ങൾ പുതിയതായി ചേർന്നു.
**ക്ലാസ്സ് സംഘടിപ്പിച്ചു : ഏറ്റുമാനൂർ** പവിഴം, അപർണ്ണാ ഗ്രൂപ്പുകളിൽ ഗ്രൂപ്പ് ശാക്തീകരണ ക്ലാസ്സ് സംഘടിപ്പിച്ചു. ജസ്ന ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

## കൈപ്പുഴ മേഖല

**വരുമാന പദ്ധതി: കുറുമുള്ളർ** അർപ്പിത ഗ്രൂപ്പംഗം മേരി ബാബു നൈറ്റി, ചുരിദാർ തയിച്ചും ഭാരതമാതാ ഗ്രൂപ്പംഗം നിഷ ചുരിദാർ തയിച്ചും **പഴയ കല്ലറ** ചൈത്രം ഗ്രൂപ്പംഗം ആനി കോഴി വളർത്തിയും **ഇരവിമംഗലം** സ്നേഹ ഗ്രൂപ്പിലെ 5 അംഗങ്ങൾ ചേർന്ന് പാലപ്പ നിർമ്മാണ യൂണിറ്റ് നടത്തിയും **പാലത്തുരുത്ത്** സെന്റ് തോമസ് ഗ്രൂപ്പംഗം ബാബുമോൻ എം.റ്റി കോഴി വളർത്തിയും ബാബു രാജ് ആട് വളർത്തിയും **മാന്നാനം** അനശ്വര ഗ്രൂപ്പംഗം മിനി വിജി കെ.എസ്.എസ്.എസിൽ നിന്നും തയ്യൽ പരിശീലനം നേടി ബാഗ്, നൈറ്റി, ചുരിദാർ എന്നിവ തയിച്ചും ചെറുപുഷ്പം ഗ്രൂപ്പംഗം ഷൈലജ സുരേന്ദ്രൻ നൈറ്റി, ചുരിദാർസ ബ്ലൗസ് തുടങ്ങിയ തയിച്ചും **കൈപ്പുഴ** മറിനാ ഗ്രൂപ്പംഗങ്ങളായ സുനിത, മേഴ്സി, ലളിത എന്നിവർ സ്വയം തൊഴിലിന്റെ ഭാഗമായി ആട്, കോഴി, പലഹാര കച്ചവടം എന്നിവ നടത്തിയും **പുതിയ കല്ലറ** ഐശ്വര ഗ്രൂപ്പംഗം ജോമോൾ ബെന്നി കോഴി വളർത്തിയും സൗഹൃദവേദി ഗ്രൂപ്പംഗം സന്തോഷ് പശുവളർത്തി പാൽ വിതരണം ചെയ്തും **നീണ്ടൂർ** സ്നേഹാലയം ഗ്രൂപ്പംഗങ്ങളായ കുഞ്ഞുമോൾ, ഷെല്ലി, ജെസ്സി, ഷീല, മറിയാമ്മ, കുഞ്ഞുമോൾ റ്റോമി എന്നിവർ ചേർന്ന് പലഹാര കച്ചവടം നടത്തിയും നവോമി ഗ്രൂപ്പംഗമായ ലിസ്സി ബേബി നൈറ്റിക്കച്ചവടം നടത്തിയും വരുമാനം കണ്ടെത്തുന്നു.
**സഹായം ചെയ്തു: പഴയ കല്ലറ** സെന്റ് തോമസ് ഗ്രൂപ്പംഗങ്ങൾ ഒരു രോഗിക്ക് കിഡ്നി മാറ്റി വെയ്ക്കാൻ 5000 രൂപ ധന സഹായം നൽകി.
**തിരുവാതിര സംഘം:** പാലത്തുരുത്ത് ധനലക്ഷ്മി ഗ്രൂപ്പംഗംമായ സരിത ഗോപകുമാറിന്റെ നേതൃത്വത്തിൽ തിരുവാതിര സംഘം രൂപീകരിച്ചു.
**പച്ചക്കറി വിത്ത് ലഭിച്ചു:** പാലത്തുരുത്ത് ഗ്രാമത്തിൽ കൃഷിഭവനിൽ

നിന്നും പച്ചക്കറി വിത്തുകളും എലിവിഷവും ഗ്രൂപ്പംഗങ്ങൾക്ക് ലഭിച്ചു.

## ഉഴവൂർ മേഖല

**പരിശീലനം: അമനകര** ഗ്രാമത്തിലെ ചെറുപുഷ്പം, സൗഹൃദം ഗ്രൂപ്പുകളിൽ കേക്ക് പരിശീലനം നടത്തി. കോർഡിനേറ്റർ മേരി ഫലിപ്പും അനിമേറ്റർ ഷിജി ബെന്നിയും പരിശീലനത്തിന് നേതൃത്വം നൽകി. 13 പേർ പങ്കെടുത്തു.

**പുതിയ അംഗങ്ങൾ: അമനകര** ഗ്രാമത്തിലെ സൗഹൃദവേദി, കാരുണ്യ, ഗ്രേയ്സ് എന്നീ ഗ്രൂപ്പുകളിലായി 6 പേരും **ഉഴവൂർ** ജ്യോതീസ്, ഐശ്വര്യ, ദീപം, ദീപ്തി ഗ്രൂപ്പുകളിൽ 9 അംഗങ്ങളും **മോനിപ്പിള്ളി** നവജീവൻ, ദീപം, മരിയ ഗ്രൂപ്പുകളിൽ 9 അംഗങ്ങളും പുതുതായി ചേർന്നു.

**പച്ചക്കറി വിത്തുകൾ വിതരണം ചെയ്തു:** ഉഴവൂർ കൃഷി ഭവനുമായി സഹകരിച്ച് ഉഴവൂർ മേഖലയിലെ 600 കുടുംബങ്ങളിലേക്കായി പച്ചക്കറി വിത്തുകൾ വിതരണം ചെയ്തു.

**ബദൽ ജീവിത ശൈലി:** ബദൽ ജീവിത ശൈലി ഗ്രൂപ്പംഗങ്ങളിൽ വ്യാപകമാക്കുന്നതിന്റെ ഭാഗമായി **ഉഴവൂർ** ഗ്രാമത്തിലെ കേരാ, ജ്യോതീസ്, ദീപ്തി എന്നീ ഗ്രൂപ്പികളിൽ സോപ്പോയിൽ, സർഫ്, ഫിനോയിൽ എന്നിവ ഉണ്ടാക്കാനും **മോനിപ്പള്ളി** മരിയ ഗ്രൂപ്പിൽ ലികിഡ് സോപ്പ് ഉണ്ടാക്കാനും പരിശീലനം നൽകി.

**വരുമാന പദ്ധതി: ഉഴവൂർ** ഗ്രാമത്തിലെ സ്നേഹ ഗ്രൂപ്പംഗങ്ങളായ ആലീസ്, സോഫി എന്നിവർ കാട കോഴിയെ വളർത്തിയും ജ്യോതീസ് ഗ്രൂപ്പംഗം സുകുമാരി ദീപം ഗ്രൂപ്പംഗം സോഫി എന്നിവർ വാഴ കൃഷി നടത്തിയും ദിവ്യ ഗ്രൂപ്പംഗം ശാന്തി ആട് വളർത്തിയും സെന്റ് സ്റ്റീഫൻസ് ഗ്രൂപ്പംഗം എലിസബത്ത് കോഴി വളർത്തിയും വരുമാനം കണ്ടെത്തുന്നു.

**വിനോദയാത്ര : അമനകര** സൗഹൃദവേദി ഗ്രൂപ്പംഗങ്ങൾ ആതിരപ്പള്ളി വാഴച്ചാൽ എന്നീ സ്ഥലങ്ങളിലേയ്ക്ക് വിനോദയാത്ര സംഘടിപ്പിച്ചു

## മലങ്കര മേഖല

**പരിശീലനങ്ങൾ: റാന്നി, ഇരവിപേരൂർ, കല്ലിശേരി** ഗ്രാമങ്ങളിൽ ചക്ക പരിശീലനം നടത്തി 38 അംഗങ്ങൾ പങ്കെടുത്തു. **പാച്ചിറ** ഗ്രാമത്തിൽ കുട പരിശീലനം നടത്തി 12 അംഗങ്ങൾ പങ്കെടുത്തു. **വാ**

**കത്തനം** ഗ്രാമത്തിൽ ഐജിപി പരിശീലനം നടത്തി 13 അംഗങ്ങൾ പങ്കെടുത്തു.

**സോളാർ സർവ്വീസിംഗ്: പാച്ചിറ** ഗ്രാമത്തിൽ സോളാർ സർവ്വീസിംഗ് നടത്തി.

**വിനോദയാത്ര: കുറ്റൂർ** 35 അംഗങ്ങളുമായി കുമരകത്ത് വിനോദയാത്ര സംഘടിപ്പിച്ചു

**വരുമാനപദ്ധതി**: **കുന്നംങ്കരി** കൃപ ഗ്രൂപ്പിലെ ഉഷ സൈലജൻ പശു വളർത്തിയും സെന്റ് മേരീസ് ഗ്രൂപ്പ് അംഗമായ ദീപ ഫിഷ് മസാല ഉണ്ടാക്കി വിറ്റും വരുമാനം കണ്ടെത്തുന്നു.

## കടുത്തുരുത്തി മേഖല

**ലീഡേഴ്സ് മീറ്റിംഗ് നടത്തി: പാഴുതുരുത്ത്** പാരീഷ് ഹാളിൽ വച്ച് കോർഡിനേറ്റർ മേഴ്സി സ്റ്റീഫന്റെ അദ്ധ്യക്ഷതയിൽ ലീഡേഴ്സ് മീറ്റിംഗ് സംഘടിപ്പിച്ചു. ഗ്രൂപ്പ് പ്രവർത്തനങ്ങൾ വിലയിരുത്തി ഭാരവാഹികളുടെ ഉത്തരവാദിത്വം, ഓഡിറ്റിംഗ്, വരുമാന സംരംഭകത്വ പദ്ധതികൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുകയും തുരുമാനം എടുക്കുകയും ചെയ്തു.

**ക്ലാസ്**: **പൂഴിക്കോൽ, കടുത്തുരുത്തി** എന്നി ഗ്രാമങ്ങളിലെ ദീപം, കരുണ, ഐശ്വര്യ, സൂര്യ, അനുഗ്രഹ എന്നീ ഗ്രൂപ്പുകളിലെ അംഗങ്ങൾക്കായി മാഞ്ഞൂർ ഹെൽത്ത് സെന്റർ ഓഫീസർ ജ്യോതി ജീവിത ശൈലി രോഗങ്ങളും പ്രതിവിധിയും എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സെടുത്തു.

**കേക്ക് പരിശീലനം** : **തോട്ടറ** കൃപ ഗ്രൂപ്പിലെ അംഗങ്ങളെ സംഘടിപ്പിച്ചുകൊണ്ട് കോർഡിനേറ്റർ മേഴ്സി സ്റ്റീഫന്റെ നേതൃത്വത്തിൽ കേക്ക് പരിശീലനം സംഘടിപ്പിച്ചു. 13 അംഗങ്ങൾ പങ്കെടുത്തു.

**കൂട്ടുകൃഷി: അറുനൂറ്റിമംഗലം** സൗഭാഗ്യ സൗഹൃദവേദി ഗ്രൂപ്പംഗങ്ങളുടെ നേതൃത്വത്തിൽ സ്ഥലം പാട്ടത്തിനെടുത്ത് കപ്പകൃഷി ആരംഭിച്ചു. കടുത്തുരുത്തി ബ്രദേഴ്സ് സൗഹൃദവേദി അംഗങ്ങളുടെ നേതൃത്വത്തിൽ വാഴ, കപ്പ, കൈത എന്നീ കൃഷികളും ആരംഭിച്ചു.

**യാത്രയയപ്പ് നൽകി: പിറവം** ഗ്രാമവികസന സമിതി അംഗങ്ങളുടെ നേതൃത്വത്തിൽ ഫാ. തോമസ് ആദോപ്പള്ളിയ്ക്ക് യാത്രയയപ്പു നൽകി.

## ചൈതന്യ ജീവകാരുണ്യനിധി മെയ് മാസത്തിൽ സഹായം ലഭിച്ചവർ

| പേര് | തുക | പേര് | തുക |
|---|---|---|---|
| തങ്കച്ചൻ എൻ. റ്റി, കാരിത്താസ് | 4000 | മത്തായി കെ.എ, ചാരമംഗലം | 4000 |
| ജെനിലിയാ, കീഴൂർ | 5000 | സ്കറിയ വി.എം, പേരൂർ | 4500 |
| ഫ്രാൻസിസ് സി.കെ, നീറിക്കാട് | 4500 | മോളി തോമസ്, ചെങ്ങളം | 4000 |
| അന്നമ്മ കെ.സി, മാന്നാനം | 4000 | എലിസബത്ത് ഐസക്, സംക്രാന്തി | 5000 |
| രാധാമണി രവി, അമനകര | 2000 | ഷൈനി ജെരാർദ്, കുമരകം | 5000 |
| കലാ കാമരാജ്, മോനിപ്പള്ളി | 3000 | റോസ്ലി ജോർജ്ജ്, പൂഴിക്കോൽ | 4500 |
| ചെല്ലപ്പൻ പി.ഡി, ഉഴവൂർ | 4000 | സിനി രാധാകൃഷ്ണൻ, കടുത്തുരുത്തി | 4500 |
| അമേയ ജയൻ, അമനകര | 4000 | ശിവൻകുട്ടി, കോതനല്ലൂർ | 4000 |
| അന്നമ്മ ചാക്കോ, അരീക്കര | 4000 | ലിസ്സി ജോഷി, അറുനൂറ്റിമംഗലം | 4000 |
| ജിജോ മാത്യു, പാലത്തുരുത്ത് | 4500 | ജെസ്സി ടോമി, തോട്ടറ | 4500 |
| ശോഭ മരിയ സജി, പഴയ കല്ലറ | 4500 | സുമതി ശ്രീധരൻ, കുറുപ്പന്തറ | 4000 |
| അനിൽ കുമാർ, മകുടാലയം | 4000 | പെണ്ണമ്മ പുന്നൂസ്,കരിപ്പാടം | 4000 |
| ആനിയമ്മ തോമസ്, കല്ലറ പുത്തൻ | 4000 | കുഞ്ഞുമോൾ ജോജി,കിടങ്ങൂർ | 5000 |
| അന്നമ്മ വർക്കി, മാന്നാനം | 4000 | ഓമന ജോസഫ്, പുന്നത്തുറ | 4500 |
| തുളസി രാജപ്പൻ, ഇരവിമംഗലം | 4000 | ഗോപി, ചേർപ്പുങ്കൽ | 4500 |
| സജോ ജി. പട്ടമന, ചാമക്കാല | 4000 | റ്റിനു പി. ചാക്കോ, ഏറ്റുമാനൂർ | 4000 |
| ത്രേസ്യാ മത്തായി, മേമ്മുറി | 4000 | സജി ജേക്കബ്, കട്ടച്ചിറ | 4000 |
| സുകുമാരൻ നാരായണൻ, കുറുമുള്ളൂർ | 4000 | ജെയിംസ് യോഹന്നാൻ, നീറിക്കാട് | 4000 |
| ബിജു ജോസഫ്, ചുങ്കം | 4000 | ജോസഫ് പി.എഫ്, മറ്റക്കര | 4500 |
| വിനോദ് ജി. നാഥ്, വടക്കുംമുറി | 4000 | രതീഷ് രാജപ്പൻ, വെളിയനാട് | 4500 |
| പൗലോസ് എൻ. ഒ, മണക്കാട് | 4000 | ഗോപി കുട്ടൻ, ചിങ്ങവനം | 4000 |
| സരസ്വതിയമ്മ, വാരപ്പെട്ടി | 4000 | എസ്. ജോസ്, ഇരവിപേരൂർ | 4500 |
| ബിജു പി. എം, പറമ്പൻചേരി | 4000 | കനകമ്മ, പാച്ചിറ | 4500 |
| മേരി ജോൺ, കരിങ്കുന്നം | 4000 | മാത്യു ഉലഹന്നാൻ, വാകത്താനം | 3500 |
| ചന്ദ്രശേഖരൻ എം. കെ, മാറിക | 4000 | അമ്മിണി ഫിലിപ്പ്, കുന്നംങ്കരി | 4000 |
| മാത്യു ദേവസ്യ, മുട്ടം | 4500 | ഷീബ ബൈജു, കാരിത്താസ് | 5000 |
| രാഹിത എം. റ്റി, കാരിത്താസ് | 4500 | ഷീജാ ദാമോദരൻ, ഇടയ്ക്കാട് | 2500 |
| ജോസ്, കണ്ണങ്കര | 4500 | **ആകെ** | **228000** |

# ആദരാഞ്ജലികൾ

**ചാമക്കാല** സി.ബി.ആർ ഗ്രൂപ്പംഗമായ മാധവിയമ്മ (72), **അടിച്ചിറ** സി.ബി.ആർ ഗ്രൂപ്പംഗമായ റിനീഷ് റ്റി. കെ യുടെ പിതാവ് തങ്കച്ചൻ എൻ. കെ (69), **കടുത്തുരുത്തി** വെള്ളാശ്ശേരി സി.ബി.ആർ ഗ്രൂപ്പംഗമായ സുജേഷ് കുമാറിന്റെ പിതാവ് സരസകുമാർ (52), **എസ്.എച്ച് മൗണ്ട്** ഭക്തിമാതാ ഗ്രൂപ്പംഗം അന്നമ്മയുടെ ഭർത്താവ് ജോസഫ് പി.ജെ (82), **പേരൂർ** അനുഗ്രഹ ഗ്രൂപ്പംഗം മഞ്ചു സുരേഷിന്റെ മകൻ അക്ഷയ് സുരേഷ് (15), ചിൻമയ ഗ്രൂപ്പംഗം ഷിംലയുടെ ഭർത്താവ് ഷെഫീക്ക്, **കിഴക്കേ നട്ടാശ്ശേരി** വിമലാ ഗ്രൂപ്പംഗം സതിയുടെ ഭർത്താവ് മോഹനൻ (70), സീനിയർ ഗ്രൂപ്പംഗമായ അമ്മിണിയുടെ ഭർത്താവ് കുട്ടൻ (68), **കൂടല്ലൂർ** ഐശ്വര്യ ഗ്രൂപ്പംഗം ത്രേസ്യാമ്മ റ്റോമി 47, **പുന്നത്തുറ** സീനിയർ ഗ്രൂപ്പംഗം കുര്യാക്കോ (80), **ചേർപ്പുങ്കൽ** നവോദയ ഗ്രൂപ്പംഗം ചിന്നമ്മയുടെ ഭർത്താവ് മാത്യു (65), **അമനകര** ശ്രീഭദ്രാ ഗ്രൂപ്പംഗം മോളിയുടെ ഭർത്താവ് ജോസഫ് (65), തേജസ് ഗ്രൂപ്പ് അംഗമായ തങ്കമ്മ ചാക്കോ (62) **അറുനൂറ്റിമംഗലം** ധന്യ ഗ്രൂപ്പംഗമായ രേവമ്മ (50) എന്നിവർ നിര്യാതരായി

## ജൂൺ മാസത്തെ കെ.എസ്.എസ്.എസ് പ്രവർത്തനങ്ങൾ

| തീയതി | പ്രോഗ്രാം | സ്ഥലം | സമയം |
|---|---|---|---|
| 1 | അഗാപ്പെ സ്കൂൾ പ്രവേശനോത്സവം | ചൈതന്യ | 10.00 am |
| 5 | പരിസ്ഥിതി ദിനം | ചൈതന്യ | 10.15 am |
| 5 | അനിമേറ്റേഴ്സ് മീറ്റിംഗ് | ചൈതന്യ | 10.15 am |
| 10 | പിതൃദിനാചരണം | ചുങ്കം | 2.00 pm |
| 16 | കോർഡിനേറ്റേഴ്സ് മീറ്റിംഗ് | ചൈതന്യ | 10.15 am |
| 16 | സിബിആർ സിആർസി | ചൈതന്യ | 10.15 am |
| 17 | സൗഹൃദവേദി സംഗമം | ഉഴവൂർ | 2.00 pm |
| 27 | സമരിറ്റൻ ദിനാചരണം | ചേർപ്പുങ്കൽ | 10.00 am |
| ജൂലൈ 4 | അനിമേറ്റേഴ്സ് മീറ്റിംഗ് | ചൈതന്യ | 10.15 am |


കെ.എസ്.എസ്.എസ് സിബിആർ കുരുന്നുകൾ
ജില്ലാ പോലീസ് മേധാവിയോടൊപ്പം




KOTTAYAM SOCIAL SERVICE SOCIETY (KSSS)
Chaithanya, Thellakom P.O., Kottayam - 686 630, Kerala
Ph: 0481-2790947, 2790948